Registered No. M. 5819 Licence No. 445. 12-7-45.

THE TREASURY OF KNOWLEDGE

ജ്ഞാനനിക്ഷേപം

Vol. LIX | ജൂലായി 1956 | No. 7

സുവിശേഷഭാഷിണിയും കുടുംബപ്രിയവാദിനിയും
കൂടി ചേർന്ന
സംയുക്ത സഭാമാസിക



JULY

അവനിൽ
ജ്ഞാനത്തിന്റെയും
പരിജ്ഞാനത്തിന്റെയും
നിക്ഷേപങ്ങൾ
ഗൂഢമായിരിക്കുന്നു.
കൊലൊ. ൨. ൩.

1956

വരിസംഖ്യ
ആണ്ടിൽ 1 രൂ. 12 ണ. മാത്രം
പ്രതിമാസം 8൹ പ്രസിദ്ധപ്പെ
ടുന്നതു്

The Diocesan Publication Department.
Rev. C. K. John, Managing Editor, C. M. S. Press, Kottayam

യോടെ വിനയപൂർവ്വം വിവേകത്തിൽ വർത്തിക്കണമെന്നും തിരുമേനി ഉൽബോധിപ്പിച്ചു. ഒടുവിൽ കുട്ടികളെകൊണ്ടു കർത്താവിന്റെ പ്രാർത്ഥന ആംഗ്യങ്ങളോടെ ചൊല്ലിക്കയും ഓരോരുത്തരുടെയും പേർ ചോദിച്ചു പറയിക്കയും ചെയ്തു. അവർക്കു പലഹാരം വാങ്ങിച്ചു കൊടുക്കുന്നതിനു ഒരു ചെറിയ തുക ഏല്പിച്ചു മടങ്ങുകയും ചെയ്തു.

സണ്ടേസ്കൂൾ വാർഷികം

I

ഇരുമ്പുപ്രമറ്റം സഭയിലെ സണ്ടേസ്കൂൾ, വൈ. എം. സി. എ., യുവതീസമാജം, മാതൃസംഘം, ഫണ്ടു സംഘടനകളുടെ ഈ വർഷത്തെ സംയുക്ത വാർഷിക സമ്മേളനം ഏപ്രിൽ 28നു ശനിയാഴ്ച ഇടവകപ്പട്ടക്കാരൻ റവ. ജോൺ ചാണ്ടി ബി. എ. അവർകളുടെ മഹനീയ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. പ്രാരംഭമായി അദ്ധ്യക്ഷന്റെ പ്രാർത്ഥനയ്ക്കുശേഷം സ്വാഗതഗാനവും സ്വാഗത പ്രസംഗവും കഴിഞ്ഞു ഓരോ സംഘടനകളുടെയും സെക്രട്ടറിമാർ വാർഷിക റിപ്പോർട്ടുകൾ സമർപ്പിച്ചു.

"മനുഷ്യജീവിതത്തിന്റെ ഉദ്ദേശം, പ്രാധാന്യം, മറ്റുള്ളവർക്കു നന്മ ചെയ്യുകൊണ്ടു നാം സന്തോഷിക്കേ" എന്നീ വിഷയങ്ങളെ പരാമർശിച്ചുകൊണ്ടുള്ള അദ്ധ്യക്ഷപ്രസംഗവും, മാതൃസംഘം, യുവതീസവതീ സംഘടനകളെ അഭിമുഖീകരിച്ചുകൊണ്ടു "സ്ത്രീകൾ സേവനത്തിനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു" എന്ന വിഷയത്തെ ആസ്പദമാക്കി മിസ്സ് വി. ജി. അച്ചാമ്മ ബി, എസ്സ്സി. യും "സണ്ടേസ്കൂളും സഭയും, യുവാവും സൽപ്രവർത്തിയും" എന്നീ വിഷയത്തെ അടിസ്ഥാനമാക്കി ശ്രീമാൻ ഡബ്ലിയു. വി. വറുഗീസ് അവർകളും ചെയ്ത പ്രസംഗങ്ങളും പ്രയോജനപ്രദമായിരുന്നു. ഇടയ്ക്കിടയ്ക്കു കുട്ടികളുടെ അഭിനയ ഗാനങ്ങളും സമ്മാനദാനവും നടത്തപ്പെട്ടു. അദ്ധ്യാപകൻ മി. കെ. ജെ. ജോസഫ് സഭയ്ക്കുള്ള കൃതജ്ഞത പ്രകാശിപ്പിച്ചു. അദ്ധ്യക്ഷന്റെ പ്രാർത്ഥനയും ആശീർവ്വാദവും കഴിഞ്ഞു ഒടുവിൽ എല്ലാവരും കൂപ്പിസല്യൂട്ടരത്തിൽ പങ്കുകൊണ്ടുശേഷം സമ്മേളനം മംഗളമായി പര്യവസാനിച്ചു.

കെ. സി. രാജകുമാർ, S. S. സെക്രട്ടറി.

കുണ്ടറ തണ്ണിക്കോട്ട വില്ലേജിൽ സണ്ടേസ്കൂൾപ്രവർത്തനം നടത്തുന്നവരുടെ പരിശ്രമഫലമായി സുവിശേഷവേലയിൽ താല്പര്യമുള്ള ചിലരുടെ സഹായത്തോടുകൂടി തണ്ണിക്കോട്ട ഒരു സുവിശേഷാലയം സ്ഥാപിച്ചിരിക്കുന്നു. ഈ സുവിശേഷവയൽപ്രദേശത്തുനിന്നു രണ്ടു ഹിന്ദുയുവാക്കന്മാരും ഒരു ക്രൈസ്തവബാലകനും കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുകയും പാപ്പൻ, ജോജ്ജ്, ജോൺ എന്നീ പേരുകളിൽ സ്നാനം സ്വീകരിച്ചു തിരുസഭയിലേക്കു ചേരുകയും ചെയ്തു.

ഇവരുടെ ജ്ഞാനസ്നാനശുശ്രൂഷ കുണ്ടറ സി. എസ്സ്. ഐ. പള്ളിയിൽവച്ചു 1956 മാർച്ച് 18നു ഞായറാഴ്ച 9 മണിക്കുള്ള ശുശ്രൂഷാമദ്ധ്യേ കുണ്ടറ സഭയിൽ ചെയർമാൻ റവറണ്ട ഡി. ദാനിയേൽ അച്ചന്റെയും കുണ്ടറ സഭാശുശ്രൂഷകൻ മി. ഡേവിഡു ഫിലിപ്പിന്റെയും സഹകരണത്തോടുകൂടി കണ്ണൻമൂല സിമ്മനാരിയിലെ റവറണ്ട ജേഫറിപോൾ അച്ചൻ നിർവ്വഹിച്ചു.

പള്ളിശുശ്രൂഷകഴിഞ്ഞു എല്ലാവരുംകൂടെ സുവിശേഷാലയത്തിൽ പോകുകയും പാട്ടോടും പ്രാർത്ഥനയോടുംകൂടെ റവറണ്ട ജെഫറിപോൾ അച്ചൻ ആലയം കർത്താവിന്റെ വേലയ്ക്കായി പ്രതിഷ്ഠിക്കുകയും ചെയ്തു. റവറണ്ട ജേഫറിപോളിന്റെ അദ്ധ്യക്ഷതയിൽ ചേർന്നയോഗത്തിൽ റവറണ്ട ഡി. ദാനിയേൽ സണ്ടേസ്കൂൾ ഓർഗനൈസർ മി. കെ. പി. ജോജ്ജ് എന്നിവർ പ്രസംഗിച്ചു. കുട്ടികളുടെ പാട്ടു മി. മനുവേൽ ഡീക്കന്റെ പ്രാർത്ഥന കുട്ടികൾക്കു സമ്മാനദാനം എന്നിവയ്ക്കുശേഷം യോഗം മംഗളകരമായി പര്യവസാനിച്ചു.

യേശുക്രിസ്തുവിന്റെ പിന്നാലെ പുറപ്പെട്ടിരിക്കുന്ന ഈ വിശ്വാസികളുടെ നിലനില്പിനും ഇനിയും അനേകർ ഈ സ്ഥലത്തുനിന്നും യേശുക്രിസ്തുവിങ്കലേക്കു തിരിയുന്നതിനും പ്രിയവായനക്കാർ എല്ലാവരും പ്രാർത്ഥിക്കണമെ.

Thannikodu, Kundara K. P. GEORGE.

C. M. S. P.—177—2400—10-7-1956.
PRINTED AND PUBLISHED BY C. M. ITTY, AT THE C. M. S. PRESS
KOTTAYAM

THE TREASURY OF KNOWLEDGE
ജ്ഞാനനിക്ഷേപം

Vol. LIX | JULY 1956 | No. 7

BISHOP'S LETTER
ബിഷോപ്പുതിരുമനസ്സിലെ കത്ത്

കർത്താവിൽ വാത്സല്യമുള്ളോരെ,

എന്റെ കാറപകടത്തിൽ കേട്ട പരിയ കാർ നന്നാക്കുന്ന ചുമതല ഇൻഷുറൻസു കമ്പനിക്കാരുടേതാണ്. അവരുടെ നിർദ്ദേശപ്രകാരം അപകടം കഴിഞ്ഞു രണ്ടുമൂന്നു ദിവസത്തിനകം കാർ വർക്ഷോപ്പിൽ ഏല്പിച്ചു എങ്കിലും അവരുടെ ഇഞ്ചനീയറന്മാരും അന്വേഷകരും വന്നു പരിശോധന നടത്തുകയും മറ്റും ചെയ്യേണ്ടതും വേല ആരംഭിക്കുന്നതിനു കമ്പനി മേധാവികളിൽ നിന്നു അനുമതി ലഭിച്ചതും രണ്ടാഴ്ചവസം മുമ്പു മാത്രമാണ്. ഇതു നിമിത്തം എന്റെ യാത്രകൾക്കും സന്ദർശനങ്ങൾക്കും പലതരത്തിലുള്ള അസൌകര്യങ്ങൾ ഉണ്ട് എങ്കിലും ഇതുത്തോഉം വിഷ്ണം ക്ലേടാതെ ദാരോ കൃത്യങ്ങളും നടത്തിക്കൊണ്ടുപോകുന്നതിനു പരമകാരുണികനായ സർവ്വശക്തൻ പ്രതിദിനം അതിശയകരമായ വിധത്തിൽ സഹായിച്ചുപോരുന്നതിൽ അവിടുത്തെ വലിയ നാമത്തിനു മഹത്വമുണ്ടാകട്ടെ.

അടുത്ത ശനിയാഴ്ചയാണു പേരപുസുകസമൂഹത്തിന്റെ കേരള മാക്കിലറിയുടെ ഉൽഘാടനം നടത്തുവാൻ നിശ്ചയിച്ചു ക്രമീകരണങ്ങൾ നടത്തിവരുന്നതു്. തോമസു ചെറിയാനച്ചൻ സെക്രട്ടറിയായി നിയമിതനായിരിക്കയാണല്ലൊ. അച്ചൻ ബംഗ്ലൂരും, ബോംബയിലും, മദ്രാസിലും വെന്നു ചുരുക്കമായ പരിശീലനം കഴിഞ്ഞു മടങ്ങി എത്തിയിട്ടുണ്ട്. ഈ പുതിയ പ്രസ്ഥാനം മൂലം കേരളത്തിലെ ക്രൈസ്തവസഭയ്ക്കു ആകമാനം പ്രയോജനം ഉണ്ടാകുക മാത്രമല്ല, സുവിശേഷോന്മുഖീകരണത്തിനായിട്ടുള്ള ഈ രാജ്യത്തെ സഭയുടെ വലിയ ചുമതലയെപ്പറ്റി ഉണർച്ചയും ദർശനവും ലഭിപ്പാൻ ഇതു മുഖാന്തരമാകുന്നതിനു നമുക്കു പ്രത്യേകം പ്രാർത്ഥിക്കാം.

തിരുവല്ലായിലുള്ള നമ്മുടെ ഊമബധിര സ്കൂളിന്റെ മാനേജർപദം വളരെ പ്രശസ്തമായ രീതിയിൽ നടത്തിപ്പോന്ന മിസ്സസ്സ് ഏലി വറുഗീസു, എം. എ., എൽ. റ്റി. അവർകൾ സ്വന്ത ആഗ്രഹപ്രകാരം ജോലിയിൽനിന്നു വിരമിച്ചതു ഒരു വലിയ നഷ്ടം തന്നെയാണ്. മിസ്സസ്സ് വറുഗീസു ആ ജോലി കയ്യേറ്റതിൽ പിന്നീടു ആ സ്ഥാപനത്തിനുണ്ടായിട്ടുള്ള അഭിവൃദ്ധി സീമാതീതമാകുന്നു എന്നതിനു രണ്ടുപക്ഷമില്ല. മിസ്സസ്സ് വറുഗീസിന്റെ ഈ സേവനത്തിനുവേണ്ടി ഡയോസിസനമ്മ കടപ്പാട്ട വളരെയത്രെ. ത്യാഗപരമായും ആത്മാർത്ഥതയോടും സന്തോഷപൂർവ്വമായും നിസ്വിഷ്ടം നിർവ്വഹിച്ചിട്ടുള്ള എല്ലാറ്റിനുംവേണ്ടി ദൈവം സമൃദ്ധിയായി മിസ്സസ്സ് വറുഗീസിനെ അനുഗ്രഹിക്കട്ടെ. പകരമായി ശ്രീ റ്റി. എം. മത്തായി, ബി. എസ്സ്സി. അവർകളെ നിയമിച്ചിരിക്കുന്നു. പ്രസ്തുത സ്കൂളിൽ ജോലി ചെയ്യുന്നവരർ എല്ലാവരിലും യേശുക്രിസ്തുവിന്റെ സ്നേഹവും, വിനയവും, വിശ്വസ്തയും നിറയുന്നതിനും ഈ ജീവകാരുണ്യസേവനംമൂലം ദൈവനാമം മഹിമപ്പെടേണ്ടതിനും നമുക്കു പ്രാർത്ഥിക്കാം.

ഈ പ്രാവശ്യം മൂന്നു പ്രത്യേക കാര്യങ്ങളെക്കുറിച്ചു ഓർപ്പിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. ഒന്നാമതു 22—29 വരെയുള്ള തീയതികളിൽ കഴിഞ്ഞ വർഷത്തിൽ നമ്മുടെ ഇടവ

കകളിൽ ചെയ്യുന്നതുപോലെ ഇക്കൊല്ലവും ഒരു സാഹിത്യവാരപ്രയത്നം നടത്തുന്നതിനു നിശ്ചയിച്ചിരിക്കുന്ന വിവരം ഏവരും അറിഞ്ഞിരിക്കുമല്ലൊ. ക്രൈസ്തവസാഹിത്യഗ്രന്ഥങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിപ്പാൻ തുടങ്ങിയിട്ടു വർഷങ്ങൾ കുറെ ആയി എങ്കിലും നമ്മുടെ രാജ്യത്തെ ക്രൈസ്തവർ വേണ്ടതുപോലെ അതിന്റെ ഉപയോഗത്തിലും പ്രചരണത്തിലും പങ്കു് എടുക്കുന്നില്ല. പുസ്തകങ്ങൾമൂലം ആദർശങ്ങളും ആശയങ്ങളും പ്രചരിപ്പിക്കുന്നതിനു എത്ര വലുതെ സൌകര്യങ്ങൾ ഉണ്ടെന്നുള്ളതു എല്ലാ ക്രൈസ്തവരും മനസ്സിലാക്കി പ്രവർത്തിച്ചിരുന്നു എങ്കിൽ ക്രിസ്തീയ പ്രസ്ഥാനത്തിനു എന്തൊരു പുരോഗതിയുണ്ടായേനെ. വേദപുസ്തകവ്യാഖ്യാനങ്ങൾ ആത്മികാഭിവൃദ്ധിക്കുതകുന്ന ധ്യാനപുസ്തകങ്ങൾ, ധാർമ്മികവും ആദ്ധ്യാത്മികവുമായ ഒരു നല്ലൊരു കഥാഗ്രന്ഥങ്ങൾ, ചരിത്രകഥകൾ, ജീവചരിത്രപുസ്തകങ്ങൾ, ചെറുകഥകൾ, നോവലുകൾ ആദിയായവ കുറഞ്ഞവിലയ്ക്കു ലഭിക്കുമെന്നു പലരും അറിഞ്ഞിട്ടില്ലായിരിക്കും. മാസത്തിലൊരു ഒരു ചെറുഗ്രന്ഥം എങ്കിലും വാങ്ങി ഉപയോഗിച്ചശേഷം മറുള്ളവർക്കു കൊടുക്കാമെങ്കിൽ എത്ര നന്നായിരുന്നു. ഇക്കൊല്ലത്തെ സാഹിത്യവാരത്തിൽ നമുക്കു പ്രത്യേക ശ്രദ്ധപതിക്കുന്നതു ആവശ്യമാകുന്നു എന്നു ഞാൻ ഓർപ്പിച്ചുകൊള്ളട്ടെ. ഇതുസംബന്ധിച്ചു എല്ലാ സഭകളിലും പ്രത്യേക പ്രസംഗങ്ങൾ ആരാധനസ്ഥലങ്ങളിൽ 22നു ഞായറാഴ്ച നടത്തുകയും, ചേർച്ചയായ പ്രാർത്ഥനകൾ ഉപയോഗിക്കയും ചെയ്യുന്നതു കൂടാതെ കുറെ പുസ്തകങ്ങൾ കോട്ടയം ഡിപ്പോയിൽ നിന്നൊ തിരുവല്ലാ സി. എൽ. ഏസ്സ്. ആഫീസിൽനിന്നൊ വാങ്ങിക്കൊണ്ടുവന്നുവെച്ചു ആരാധനക്കാരെ അതു വാങ്ങുന്നതിനുത്സാഹിപ്പിക്കുന്നതിനും പുറമെ യുവജനങ്ങളുടെ പക്കൽ അതു ഏല്പിച്ചു വില്പന നടത്തുന്നതിനും ശട്ടംകെട്ടു ചെയ്യുന്നതും കൊള്ളാം. പുസ്തകങ്ങൾ നല്ല കമ്മീഷ്യൻ നിരക്കിൽ കിട്ടുന്നതിനു സാധിക്കും. എല്ലായിടവകകളും ഇക്കാര്യത്തിൽ എതായ പൂർവ്വം സഹകരിച്ചു പ്രസ്തുത പ്രസ്ഥാനം അനുഗ്രഹകരമാക്കിത്തീർക്കും എന്നു ഞാൻ ഉറച്ചു കൊള്ളട്ടെ.

പ്രസ്തുത വാരത്തിൽ തന്നെയാണു് നമ്മുടെ മഹായിടവകദിനമായ 25നു വരുന്നതു്. നമ്മുടെ മഹായിടവക സ്ഥാപിതമായിട്ടു ഏഴുപതിഏഴു വർഷങ്ങളായിരിക്കുന്നു. അതിന്റെ വളർച്ചയ്ക്കും സാക്ഷാത്തിനുംവേണ്ടി ഇതുത്തോളം ലഭിച്ചിട്ടുള്ള കൃപകൾക്കും നടത്തിപ്പിനും വേണ്ടി നമുക്കു ദൈവത്തിനു സ്തോത്രം ചെയ്യാം. ഇനിയും അതിനെ അഭിമുഖീകരിക്കുന്ന വിഷയങ്ങൾ കർത്താവിന്റെ ഇഷ്ടത്തിനു തക്കവണ്ണം ആലോചിപ്പാനും നിയന്ത്രിപ്പാനും പരിശുദ്ധാത്മാവിന്റെ സഹായവും കൃപയും ആണ വേണ്ടതു്. വസ്തുക്കളുടെ കാര്യം ആയാലും, വിദ്യാഭ്യാസപരമായ ഇപ്പോഴത്തെ ഓരോ പദ്ധതികൾ ആവിഷ്കരിക്കപ്പെടുന്നതിനെക്കുറിച്ചായാലും, ധനാഗമമാർഗ്ഗങ്ങളെ നിർണ്ണയിക്കുന്നവയായാലും, സഭാംഗങ്ങളുടെ ഇടയപരിപാലനത്തെ സംബന്ധിച്ചൊ, സുവിശേഷോന്മുഖണരീതികളെയും, പുതിയ വയലുകളെയും സംബന്ധിച്ചൊ ഏതുതന്നെയായാലും അവയെല്ലാം ആത്മികപ്രശ്നങ്ങളായി വീക്ഷിക്കുന്നതിനു സൂക്ഷ്മജ്ഞാനവും ഉൾക്കാഴ്ചയിയും ദർശനവും ഉള്ളവരും യേശുക്രിസ്തുവിന്റെ കാര്യത്തിനു പ്രഥമസ്ഥാനം കൊടുക്കുന്നവരുമായ ആത്മായേക്കാരായ സ്ത്രീപുരുഷന്മാരെ വേണ്ടിയിരിക്കുന്നു. അധികം പ്രാർത്ഥനക്കാരെയും അത്യാവശ്യമാകുന്നു. ഇവയ്ക്കു ഒക്കെയും വേണ്ടി നിരന്തരമായി പ്രാർത്ഥിക്കുന്നവർ നമ്മുടെ ഓരോ ഇടവകകളിലും ഉണ്ടാകണം. ഇവയെല്ലാം മുൻനിറുത്തി നമുക്കു ഇയ്യാണ്ടത്തെ പ്രാർത്ഥനാദിനം ഉപയോഗിക്കുന്നതിനു ഞാൻ നിങ്ങളുടെ എല്ലാവരുടെയും സ്നേഹത്തോടു അപേക്ഷിച്ചുകൊള്ളട്ടെ.

ഇന്ത്യാരാജ്യത്തു പ്രോട്ടസ്റ്റൻറു മിഷ്യനറിമാർ വന്നു വേല ആരംഭിച്ചതിന്റെ 250 വർഷം തികയുന്നതു ജൂലായി മാസം 9നു ആകുന്നു. അതു തഞ്ചാവൂരിനടുത്തു ടാൻകുബാർ എന്ന സ്ഥലത്താണ് എന്നു അറിവുള്ളതാണല്ലൊ. ഈ അവസരം ഉചിതമാംവണ്ണം എല്ലാ മഹായിടവകകളിലും ആഘോഷിക്കയും സുവിശേഷോന്മുഖണം സംബന്ധിച്ചു നവോന്മേഷം ഉളവാകുന്നതിനു മുഖ്യാന്തരമാക്കുകയും വേണം എന്നു ലക്ഷ്മിഭായിസഭയുടെ കഴിഞ്ഞ സിനഡിൽ നിശ്ചയം ചെയ്തു അറിയിച്ചിട്ടുണ്ട്. ഒൻപതാം തീയതി നടത്തുന്നതിനു പകരമായി ഇരുപത്തിഒൻപതാം തീയതി ഞായറാഴ്ച അതിനുവേണ്ടി വേർതിരിച്ചുപയോഗിക്കാം. അതു

സംബന്ധിച്ചുള്ള വിജ്ഞാപനം പട്ടക്കാരുടെയും ഉപദേശകരുടെയും കോൺഫ്രൻസിൽ നല്കുന്നതാണ്.

നാം ജീവിക്കുന്ന ഇക്കാലം അവസരങ്ങൾ നിറഞ്ഞതും ശത്രുവിന്റെ തീയമ്പുകൾ വിവിധ രീതിയിൽ പ്രയോഗിച്ചുകൊണ്ടിരിക്കുന്നതിനാൽ വിപത്തുകൾ അടുത്തിരിക്കുന്നതുമാകയാൽ എല്ലാവരും സൂക്ഷ്മത്തോടെ നടന്നു സമയത്തെ തക്കത്തിൽ ഉപയോഗിച്ചുകൊൾവാൻ സ്വശക്തൻ നമുക്കു തുണയുണ്ടാകട്ടെ (എഫെ. 5. 15, 16).

ദൈവമായ കർത്താവിന്റെ നടത്തിപ്പും സഹായവും നിങ്ങളുടെ എല്ലാ പരിശ്രമങ്ങളോടുംകൂടെ ഇടവിടാതെ ഉണ്ടായിരിക്കട്ടെ.

എന്നു കർത്താവിൽ നിങ്ങളുടെ വാത്സല്യമുള്ള,

Kottayam,
June 25, 1956.

C. K. JACOB,
Bishop.

ബിഷോപ്പുതിരുമനസ്സിലെ പ്രോഗ്രാം

ജൂലൈ 1. കഞ്ഞിക്കുഴി. കൊച്ചി
2. വേളാപുസകസെക്രട്ടറിമാരുടെ മടക്കം
3. പട്ടക്കാരുടെ കോൺഫ്രൻസു
6. തിരുവല്ലാ ഈമൻസ്ക്കൂൾ പുതിയ കെട്ടിട പ്രതിഷ്ഠ. ബൈബിൾസ്ക്കൂൾ സുവിശേഷ സംയുക്തകമ്മറ്റി.
7. മുണ്ടക്കയം. അദ്ധ്യാപകരുടെ ധ്യാനയോഗം
8. സ്ഥിരീകരണം
9. സബ്കമ്മറ്റികൾ
15. വെള്ളൂത്തുരുത്തി
19. സ്റ്റാണ്ടിങ്ങുകമ്മറ്റി
22. കണ്ടെഴ
25. മഹായിടവകദിനം. മോണിക്കാ മന്ദിരം ചാപ്പൽ ശിലാസ്ഥാപനം
29. ഭദ്രാസനപ്പള്ളി. മിഷ്യനറി ദിനം അഗസ്റ്റ് 5. അട്ടർ.

സിംഗപ്പൂർ മലയാളിയിടവക

പ്രസ്തുത ഇടവകയിലെ പട്ടക്കാരനായി റവ. സി. ജെ. തോമസ് ബാംഗ്ലൂർ വൈദികകോളേജ് പരിശീലനം കഴിഞ്ഞു നിയമിക്കപ്പെട്ടെന്നും അവിടെ വെച്ചു അദ്ദേഹത്തിനു മലയാളകോൺപട്ടം കൊടുത്തെന്നുമുള്ള വാർത്തയും പിന്നിട്ട അദ്ദേഹത്തിന്റെ ഒരു കത്തും മുൻലക്കങ്ങളിൽ ചേർത്തിരുന്നല്ലൊ. ജൂൺ 3നു ഞായറാഴ്ച ഇടവകയുടെ വാർഷികപൊതുയോഗം, വാർഷിക റിപ്പോർട്ടും വരവു ചെലവു കണക്കു സമർപ്പിച്ചും പുതിയ കമ്മറ്റിയെ തിരഞ്ഞെടുത്തും നടത്തുകയും ചെയ്തിരിക്കുന്നു.

സമയം അനുചിതമായ റിപ്പോർട്ടിന്റെ പ്രതി സശ്രദ്ധം വായിച്ചു നോക്കിയതിന്റെ ഫലമായി ഏതാനും വിവരങ്ങൾ പ്രസാവിച്ചുകൊള്ളുന്നു. 1933 ലാണു മലയാളം സെക്ഷൻ ആരംഭിച്ചതു. തമിഴ് സഭയുടെ പട്ടക്കാരനാണു അതു മലയാളത്തിൽ തുടങ്ങി വന്നതു. ഒരു മേനി ശുശ്രൂഷ നടത്തുകയും തമിഴ്പട്ടക്കാരൻ ഇംഗ്ലീഷിൽ പ്രസംഗിക്കയും ചെയ്യുമായിരുന്നു. പട്ടണമദ്ധ്യത്തിലുള്ള ക്രൈസ്റ്റ്ചർച്ചിൽ മാസത്തിൽ രണ്ടുപ്രാവശ്യവും നാവികതാവളത്തിലുള്ള വിശു. പത്രൊസിന്റെ പള്ളിയിൽ ഒരു പ്രാവശ്യവുമായിട്ടാണു ഇപ്പോൾ നടത്തുന്നതു.

വിവിധ ഭാഗങ്ങളിലായി ചിതറിപ്പാർക്കുന്ന സഭാംഗങ്ങളുടെ ആകെയെണ്ണം 183-ഉം അതിൽ ആണ്ടുവരികൊടുക്കുന്നവർ 65 പേരുമാണു. 1955-ലെ ആണ്ടുവരിത്തുക 1867 ഡോളറായിരുന്നു. ഞായർപിരിവും സ്നാനവഴിപാടും ഉൾപ്പടെ ആകെവരവു 2090 ഡോ

ഉറായിരുന്നു. റവ. സി. ജെ. തോമസിന്റെ ഇന്ത്യയിൽ നിന്നുള്ള യാത്രച്ചെലവും മറ്റു ചെലവുകളും വഹിച്ചശേഷം ഏകദേശം 900 ഡോളർ മിച്ചമുണ്ട്. എന്നാൽ പട്ടക്കാരനു താമസിക്കുന്നതിനു പാർസനേജ് ഉണ്ടായിട്ടില്ല. അതിനൊരു കെട്ടിടം വാങ്ങുന്നതിനു ഏർപ്പാടു ചെയ്തിരിക്കുന്നു. അതിനു 9425 ഡോളർ വിലയാണു്. അതിൽ 1885 ഡോളർ അഡ്വാൻസ് കൊടുത്തു. ആണ്ടവസാനത്തോടെ താമസം തുടങ്ങുന്നതായിരിക്കും. അതുവരെ കുലിവീട്ടിൽ താമസിക്കയാണു. ക്രൈസ്റ്റ് ചർച്ച് വകയായ സ്കൂളിൽ അദ്ധ്യാപകനായിരിക്കയാൽ അതിനുള്ള ശമ്പളമുള്ളതുകൊണ്ടു തൽക്കാലം സഭയ്ക്കു ഒരു ഭാരം വഹിക്കേണ്ടതില്ല. ലിവിവിചാരണയിൽ മലയാളികൾക്കു സ്വന്തം ഒരു പട്ടക്കാരനെ നിയമിച്ചു കിട്ടുകയും അദ്ദേഹം അതു സ്ഥിരമായി നിർവ്വഹിക്കുന്നതിനു മതിയായ വിധത്തിൽ സാഹചര്യങ്ങളുണ്ടാകയും ചെയ്തതിൽ നമുക്കെല്ലാം സ്തുതിക്കാം.

ബിഷപ്പ് തിരുമനസ്സിലെ പുന്നവേലി സന്ദർശനം

പുന്നവേലിൽ പരേതനായ ശ്രീ പി. ഐ. തോമസ് എം. എ., എൽ. ടി. അവർകളുടെ സ്മാരകമായി അദ്ദേഹത്തിന്റെ ഭാര്യയും മക്കളും കൂടെ പണിയിച്ചു കൊടുത്ത റീയർഡോസ് പള്ളി മദ്ബഹായിൽ മതിലോടു ചേർത്തുവച്ചതു പ്രതിഷ്ഠിക്കുന്നതിനും പുതുതായി പണി കഴിച്ച പാർസനേജ് ക്രമാശ ചെയ്യുന്നതിനുമായി ബിഷപ്പുതിരുമേനി വീണ്ടും ബന്ബാസിന്റെ നാൽ ജൂൺ 11നു തിങ്കളാഴ്ച പുന്നവേലി സന്ദർശിക്കയുണ്ടായി. പള്ളി നിറയെ ജനങ്ങൾ തിങ്ങിക്കൂടിയിരുന്നു. പട്ടക്കാരായി ഇടവകവികാരി റവ. സി. ജി. മാത്യുവിനെ കൂടാതെ അടുത്തുള്ള ഇടവകയിൽ നിന്നു റവ. ജോർജ്ജ് ജോണും ചാപ്പ്ലെനായി റവ. സി. കെ. ജോണുമുണ്ടായിരുന്നു. റീയർഡോസിന്റെ പ്രതിഷ്ഠയെ തുടർന്നു വിശുദ്ധ സംസ്ഥാപനം അനുഷ്ഠിക്കയും അനേകമാളുകൾ അതിൽ പങ്കുകൊള്ളുകയും ചെയ്തു. ശുശ്രൂഷാമദ്ധ്യേ വിശുദ്ധ ബന്ബാസിനെപ്പറ്റി അവന്റെ ത്യാഗം, താഴ്മ, തീക്ഷ്ണത എന്നീ ക്രൈസ്തവ ഗുണങ്ങളെ വിശദീകരിച്ചും പരേതനായ മി. പി. ഐ. തോമസിന്റെ വിശിഷ്ടഗുണങ്ങളെ ചൂണ്ടിക്കാണിച്ചും ശ്രദ്ധേയമായൊരു പ്രസംഗം തിരുമേനി ചെയ്തു. ശുശ്രൂഷാനന്തരം എല്ലാവരും ഒരു ക്രമമായ്രയായി പാട്ടുപാടിക്കൊണ്ടു പുതുതായി പണിത പാർസനേജിലേക്കു പോകയും അതിന്റെ ക്രമാശ നിർവ്വഹിക്കയും ചെയ്തു. വന്നുകൂടിയ എല്ലാവർക്കും ഒരു കാപ്പിസല്ക്കാരവുമുണ്ടായിരുന്നു. അസ്വാസ്ഥ്യം നിമിത്തം ശുശ്രൂഷയിൽ സംബന്ധിക്കുന്നതിനു സാധിക്കാഞ്ഞ മിസ്സിസ്സ് തോമസിനെ ബിഷപ്പുതിരുമേനി മടങ്ങിപ്പോരുന്ന വഴി വീട്ടിൽ കയറി എല്ലാവരെയും കാണുകയും പ്രാർത്ഥിക്കയും ചെയ്തു.

തിരുമേനിയുടെ വെള്ളാശ്ശേരി സന്ദർശനം

സ്ഥിരീകരണം, സ്നാനം, വിശുദ്ധസംസ്ഥാപനം എന്നീ വിശുദ്ധകർമ്മങ്ങൾ ബിഷപ്പുതിരുമേനി നടത്തുകയുണ്ടായി. സ്ഥിരീകരണസമയം അപ്പൊ. പ്ര. 8. 8, 21 എന്നീ വാക്യങ്ങൾ ആസ്പദമാക്കി ശമർയ്യപട്ടണത്തിലെ സന്തോഷം, ശിമോൻ മാഗസിന്റെ കപടമാനസ്സാന്തരം എന്നിവയെപ്പറ്റിയുള്ള ഒരു പ്രബോധനം നല്കപ്പെട്ടു. വിശുദ്ധസംസ്ഥാപനത്തോടുകൂടിയുള്ള ആരാധനയിൽ അന്നത്തെ സുവിശേഷഭാഗത്തുനിന്നു ഒഴികഴിവുകൾ പറഞ്ഞു "ക്രിസ്തുവിൽ നിന്നു അകലപ്പെട്ടുപോകരുതു്" എന്ന ഏറ്റവും ലളിതമായ ഭാഷയിൽ പ്രസംഗിച്ചു.

കഴിഞ്ഞ മാസം തിരുമേനിക്കു നേരിട്ട കാറപകടത്തിൽനിന്നു അത്ഭുതകരമായി കാത്തു സൂക്ഷിച്ചതിനെ സ്മരിച്ചു ഒറിയാംകുന്നു് ഇടവക പൊതുവെ ഇന്നു ഒരു സ്തോത്രശുശ്രൂഷ റവ. എം. സി. ശമുവേലച്ചൻ നടത്തി എന്നതു പ്രത്യേകം പ്രസ്താവ്യമാണു്.

ഇടവക ഉപദേശി മി. ഒ. സി. ജോസഫും സഭാജനങ്ങളും സമയത്തിനു മുമ്പുതന്നെ വന്നിരുന്നു. കൂടാതെ നീറ്റൂർ, അറുനൂറ്റിമംഗലം, കുന്നപ്പള്ളി, പെരുമ്പടവം, പെരുവ എന്നീ സഭകളിൽനിന്നു സ്ഥിരീകരണത്തിനുള്ളവരും പ്രവർത്തകരും ഹാജരുണ്ടായിരുന്നു.

118 പേരെ ബിക്ഷാപ്പട്ടത്തിരുമേനി സ്ഥിരീകരിച്ചു. 186 പേർ വിശുദ്ധസംസർഗ്ഗത്തിൽ പങ്കു കൊണ്ടു. ഈ സുദിനത്തിൽ 500-ൽപരം ആളുകൾ സംബന്ധിച്ചിരുന്നു. പള്ളിയകത്തു സ്ഥലമില്ലാതെ വെളിയിലും ആളുകൾ അച്ചടക്കത്തോടെ പ്രസ്തുത ശുശ്രൂഷകളിൽ ഭാഗഭാക്കുകയായി എന്നും പറയുന്നതിൽ സന്തോഷം ഉണ്ട്.

തിരുമേനിയുടെ ആഗമനംമൂലം ഈ ഇടവകയ്ക്കുണ്ടായിട്ടുള്ള ഉണർവും, തിരുമേനി നല്കിയിട്ടുള്ള സന്തോഷം, സംതൃപ്തി, സമാധാനം എന്നീ ഭാവങ്ങൾ തങ്ങളിൽ നിലനിന്നു പോരുവാൻ വായനക്കാർ എല്ലാവരും പ്രാർത്ഥിക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

Vellaserry. P. P. JOSEPH.

ക്രൈസ്തവസാഹിത്യസമിതി

മലയാള ശാഖയും പ്രവർത്തനങ്ങളും

(ജോർജ്ജ് അലക്സാണ്ടർ സി. എ. എസ്സ്. തിരുവല്ല)

സാഹിത്യകായ്കളിൽ മലയാളക്രിസ്ത്യാനികൾ പ്രായേണ അലസരായിട്ടാണു കാണപ്പെട്ടു വരുന്നതു. സാഹിത്യപരമായ പ്രവർത്തനങ്ങളിൽ അവരുടെ ശ്രദ്ധ പതിയാറില്ലെന്നു മാത്രമല്ല ശ്രദ്ധയായി ഭാഷാ കൈകാര്യം ചെയ്യുന്നതിലും ഇക്കൂട്ടർ വേണ്ട ശ്രദ്ധ പതിക്കാറില്ല. തൽഫലമായി ഭാഷാശുദ്ധിയിൽ ജാതിയായിത്തന്നെ തല്പരരായ ഹിന്ദുക്കളുടെ അനുസ്യൂതമായ പരിഹാസത്തിനു അവർ വിധേയരായിത്തീർന്നിരിക്കയാണു. അതിൽ പരിതാപകരമാണു ക്രൈസ്തവസാഹിത്യാരംഭം പ്രവർത്തിക്കുവാൻ ഇറങ്ങി പുറപ്പെടുന്ന ക്രൈസ്തവസാഹിത്യകാരന്മാരുടെ ഗതി. അവർക്കു അവരുടെ സ്വജാതീയരിൽനിന്നു വിമർശനമല്ലാതെ യാതൊരു പ്രോത്സാഹനവും ലഭിക്കാറില്ല.

ഏവംവിധമായ സ്ഥിതി ഒരീകരിക്കുവാനാണു മലയാള ക്രൈസവസാഹിത്യ കമ്മിറ്റി ഏതാണ്ടൊരു മുപ്പതുവർഷങ്ങൾക്കു മുമ്പു രൂപീകരിക്കപ്പെട്ടതു. കേരളത്തിലെ പ്രൊട്ടസ്റ്റൻറു സഭാവിഭാഗങ്ങളിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ചേർന്നതാണു ഈ കമ്മിറ്റി. വേണ്ട സാമ്പത്തിക പിൻതുണകൂടാതെ നടത്തപ്പെട്ട ഈ സംരംഭത്തിന്റെ വളർച്ച അത്ര പ്രോത്സാഹജനകമായിരുന്നില്ല. എങ്കിലും ഇരുപത്തഞ്ചുവർഷത്തിലധികം നീണ്ടുനിന്ന അതിന്റെ പ്രവർത്തനകാലത്തിൽ പ്രയോജനകരങ്ങളായ പല നല്ല ഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചു പ്രചരിപ്പിക്കുന്നതിന് അവർക്കു സാധിച്ചു. ആ കാലത്തെ പ്രവർത്തനത്തിന്റെ നടത്തിപ്പായകർത്തവ്യം വഹിച്ചവരുടെകൂട്ടത്തിൽ റവ. ഡബ്ലിയു. മാത്യു ബി. എ., എൽ. ടി., ബിഷപ്പു സ്ക്രൂവാർട്ടുസ്മിത്തു, ശ്രീ. പി. ഒ. ഫിലിപ്പ് ബി. എ. എന്നിവരുടെ പേരുകൾ പ്രത്യേകം പ്രസ്താവയോഗ്യമാണു.

എന്നാൽ ഈ കമ്മിറ്റിയുടെ പ്രവർത്തനം മതിയാകുന്നില്ല എന്നു ഗ്രഹിച്ചു ക്രൈസ്തവസാഹിത്യപ്രവർത്തകർ കേരളത്തിലെ ക്രൈസ്തവസാഹിത്യപ്രവർത്തനം വിപുലീകരിക്കുവാൻ ചെയ്ത പ്രയത്നത്തിന്റെ ഫലമായി ഈ കമ്മിറ്റി 1952 ഒക്ടോബർ മാസത്തിൽ മദ്രാസു കേന്ദ്രമാക്കി ഇന്ത്യയിൽ വ്യാപകമായ ക്രൈസ്തവസാഹിത്യപ്രവർത്തനം പല ഭാഷകളിൽ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന ക്രിസ്ത്യൻ ലിറ്ററേച്ചർ സൊസൈറ്റി (സി. എൽ. എസ്സ്.) യുടെ ഒരു ശാഖയായി അംഗീകരിക്കപ്പെട്ടു. അതോടൊന്നിച്ചു ഈ ശാഖയുടെ യഥാസ്ഥാനപ്രവർത്തനാർത്ഥം ഇംഗ്ലണ്ടിൽനിന്നു ഗണ്യമായ ഒരു തുക സംഭാവനയായി ലഭിക്കുകയും അതിന്റെ സഹായത്തോടുകൂടെ തിരുവല്ലായിൽ ഒരു ആപ്പീസും ഡിപ്പോയും ആരംഭിക്കുകയും രണ്ടു സെക്രട്ടറിമാരെ നിയമിക്കുകയും ചെയ്തു.

ഇപ്പോൾ മലയാളക്രൈസ്തവസാഹിത്യസമിതിയുടെ വകയായി ഇരുനൂറോളം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു പ്രചാരപ്പെടുത്തിയിട്ടുണ്ടു. ഈ പുസ്തകങ്ങൾ താഴെ വരുന്ന ശീർഷകങ്ങളെ

ളിൽ ഉൾപ്പെട്ടുന്നവയാണു. വേദാദ്ധ്യയനപരം (വ്യാഖ്യാനങ്ങൾ, നിഘണ്ടുകൾ) ധ്യാനപരം ജീവചരിത്രങ്ങൾ, സുവിശേഷപ്രഘോഷണപരം, ക്രിസ്തീയകുടുംബജീവിതപരം, കുട്ടികൾക്കായുള്ള, കഥകളും പ്രഹസനങ്ങളും, നോവലുകൾ, സഭാചരിത്രം, ക്രിസ്തീയജീവിതം, സാമൂഹ്യപരം ഇവയിൽ പ്രത്യേകം പരിഗണനാർഹങ്ങളായ ചില പുസ്തകങ്ങളാണു

വേദപുസ്തകനിഘണ്ടു.
പഴയനിയമപ്രവേശിക (മൂന്നു ഭാഗങ്ങൾ)
പുതിയനിയമപ്രവേശിക (രണ്ടുഭാഗങ്ങൾ)
പ്രതിദിനധ്യാനം മുതലായവ

ഇപ്പോൾ സി. എസ്സ്. ഐയുടെ മദ്ധ്യക്ഷണാ മഹായിടവകകളെയും ഉത്തരകേരളമഹായിടവകയെയും, മാത്തോമ്മസഭയെയും,ലൂതറൻ സമൂഹത്തെയും പ്രതിനിധീകരിക്കുന്ന അംഗങ്ങൾ ചേർന്നുള്ള ഒരു കമ്മറ്റി ഈ പ്രവർത്തനങ്ങൾക്കു വേണ്ട ഉപദേശം നല്കുന്നു. ഈ കമ്മറ്റിയിൽ റൈറ്റ റവ. ഡോക്ടർ സി. കെ. ജയിക്കുബ് തിരുമേനി പ്രസിഡൻറും, ശ്രീ. കെ. കെ. കുരുവിള വൈസ് പ്രസിഡൻറും, ശ്രീ. ഐ. കുഞ്ഞൻ ട്രഷററും, ശ്രീ. ജോജ്ജു അലക്സാണ്ടർ സെക്രട്ടറിയും റവ. ഇ. സി. ജോൺ പ്രചാരകസെക്രട്ടറിയുമായി സേവനമനുഷ്ഠിച്ചു വരുന്നു. മൂന്നുമാസത്തിൽ ഒരിക്കൽ ഈ കമ്മിറ്റി സമ്മേളിക്കുകയും പ്രവർത്തനങ്ങൾ പരിശോധിക്കുകയും ഭാവിപരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നു.

ഇവിടെ പ്രസിദ്ധീകരിക്കപ്പെടുന്ന ഓരോ പുസ്തകത്തിന്റെയും വില ഗണ്യമായി കുറയ്ക്കുവാൻ നാഷനൽ ക്രിസ്ത്യൻ കൌൺസിൽ സഹായധനം നല്കുന്നുണ്ടു. അതുകൊണ്ടാണു ഇതര പ്രസിദ്ധീകരണങ്ങളെ അപേക്ഷിച്ചു സി. എൽ. എസ്സ്. മലയാളം പ്രസിദ്ധീകരണങ്ങളുടെ വില ചുരുങ്ങിയിരിക്കുന്നതു. ക്രടാതെ ഈ പുസ്തകങ്ങൾ യാതൊരു സാമ്പത്തിക ലാഭവും കരുതിയല്ല പ്രസിദ്ധീകരിക്കുന്നതും അതായതു ഇതുവരെയും ഈ ആപ്പീസിന്റെ ചെലവുകൾ മുൻ ഈ ഖണ്ഡികയിൽ പരാമർശിച്ചിരുന്ന വിദേശീയ ധനസഹായത്തിൽനിന്നാണു നിർവ്വഹിക്കപ്പെട്ടു വന്നതു. പക്ഷേ ആ സഹായത്തിനു ഒരു വിരാമമാണു മുമ്പിൽ കാണുന്നതു. ക്രൈസ്തവസ്നേഹിതരുടെ ആത്മാർത്ഥമായ സഹകരണത്താലല്ലാതെ ഈ പ്രശ്നം പരിഹരിക്കപ്പെടുവാൻ പോകുന്നില്ല.മേട്ടുള്ള നടക്കുവാൻപോകുന്ന 'സാഹിത്യവാരം' സി. എൽ. എസ്സിന്റെ ആവശ്യങ്ങൾ ഇടവകകളിൽ അവതരിപ്പിക്കുവാൻ ഒരു നല്ല സന്ദർഭമായിരിക്കുമെന്നു പ്രതീക്ഷിക്കുന്നു. സി. എൽ. എസ്സ്. നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന പ്രയോജനകരമായ സേവനത്തിന്റെ ഒരു അവ്യക്തരൂപമെങ്കിലും പൊതുജനങ്ങൾക്കു ലഭിക്കുവാനും ഈ സന്ദർഭം സഹായകരമായിരിക്കുമല്ലോ.

ഈ സാഹിത്യവാരാചരണത്തിലും ക്രൈസ്തവസാഹിത്യസമിതിയുടെ തുടർന്നുള്ള പ്രവർത്തനങ്ങളിലും എല്ലാ ക്രൈസ്തവസ്നേഹിതരുടെയും സഹായസഹകരണങ്ങൾ ക്ഷണിച്ചുകൊള്ളട്ടെ.

ക്രിസ്തീയ സാഹിത്യപ്രസ്ഥാനങ്ങൾ

ക്രിസ്തീയ സാഹിത്യപ്രസ്ഥാനങ്ങളുടെ ഉദ്ദേശവും സ്ഥാനവും എന്താണെന്നു ചൂണ്ടിക്കാണിക്കുകയും, ചില നല്ല പ്രസിദ്ധീകരണങ്ങളെക്കുറിച്ചു പ്രസ്താവിക്കുകയും ചെയ്യണമെന്നുള്ളതാണു ഈ ലേഖനോദ്ദേശം.

പത്രങ്ങൾ, മാസികകൾ, ഗ്രന്ഥങ്ങൾ ഇവയ്ക്കു മനുഷ്യചിന്താഗതികളിലും തൻമൂലം ജീവിതത്തിലും സ്വാധീനം ചെലുത്തുന്നതിനും വ്യതിയാനങ്ങൾ വരുത്തുന്നതിനും വലിയ കഴിവുകളുണ്ടു. നാം എന്തു വായിക്കുന്നുവോ, അതിനനുസരിച്ചു നാം ആശയഗതികൾ രൂപീകരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. ആശയഗതികൾ തമ്മിൽ ഒരു വലിയ മത്സരം ഇന്നു നടക്കുന്നുണ്ടു. ഈ മത്സരത്തിലെ പ്രാഥമികഘടകം സാഹിത്യമാണു. അതിനാൽ എല്ലാവരേയും ക്രിസ്തുവിങ്കലേക്കു ആനയിക്കുന്നതിനും, ക്രിസ്തുവിങ്കലേക്കു വന്നിട്ടുള്ളവരെ ക്രിസ്തീയാനു

ഭവങ്ങളിൽ പൂർണ്ണരാക്കുന്നതിനും ഉത്തരവാദപ്പെട്ടിരിക്കുന്ന സഭയ്ക്കു സാഹിത്യത്തിന്റെ കഴിവു മനസ്സിലാക്കി അതിനെ ശരിയായ നിലയിൽ ഉപയോഗിക്കുവാൻ ഒരു വലിയ കടപ്പാടുണ്ട്. ലോകത്തിൽ ഇന്നു പ്രാബല്യത്തിലിരിക്കുന്ന ചിന്താഗതികളിൽ യഥാർത്ഥമായ ക്രിസ്തീയ സ്വാധീനം ചെലുത്തുവാൻ സഭയ്ക്കു കഴിയണമെങ്കിൽ ക്രിസ്തീയ പ്രമാണങ്ങളും അവയ്ക്കുധാരമായ ക്രിസ്തീയ വിശ്വാസവും വ്യക്തമായി പ്രതിപാദിക്കുന്ന ഒന്നാംതരം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കേണ്ടതാവശ്യമാണ്. ക്രിസ്തീയ ഗ്രന്ഥങ്ങളിൽക്കൂടെ കർത്താവിനു 'പെരുവഴി' സൃഷ്ടിക്കുവാൻ അനേക ഹൃദയങ്ങൾ ക്രിസ്തുവിന്നായി ഒരുക്കപ്പെടുവാൻ ഉത്തമമായ ക്രിസ്തീയ ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണം കൊണ്ടു സാധിക്കുന്നതത്രെ. പത്രാധിപർ, ഗ്രന്ഥകാരന്മാർ, കവികൾ, ലേഖകർ മുതലായവർ മുഖേന ക്രിസ്തീയപ്രസ്ഥാനം സംസാരിക്കണം. അച്ചടിച്ച കടലാസ്സുകൾ, റേഡിയോ, ചിത്രങ്ങൾ ഇവയിൽക്കൂടെ യേശുക്രിസ്തുവിന്റെ സ്വരൂപം നല്കുവാൻ നാം പരിശ്രമിക്കേണ്ടതുണ്ട്. ഈ മാർഗ്ഗങ്ങളിൽക്കൂടെ നാം യേശുക്രിസ്തുവിനെ ഉയർത്തുന്നപക്ഷം ക്രിസ്തു സകലരേയും തങ്കലേക്കു ആകർഷിച്ചുകൊള്ളും.

വേദപുസ്തകവ്യാഖ്യാനങ്ങൾ, ക്രിസ്തീയ വിശ്വാസം ക്രിസ്തീയ ജീവിതം മുതലായ വിഷയങ്ങളെപ്പറ്റിയുള്ള പുസ്തകങ്ങൾ, ജീവചരിത്രങ്ങൾ, ധ്യാനപരമായ ഗ്രന്ഥങ്ങൾ, കുട്ടികൾക്കായുള്ള പുസ്തകങ്ങൾ ഇവയെല്ലാം ക്രൈസ്തവസാഹിത്യസമിതിയുടെ മലയാളം ശാഖ പ്രസിദ്ധീകരിക്കുന്നുണ്ട്.

ക്രൈസ്തവസാഹിത്യസമിതി ഡിപ്പോയിലുള്ള ഇംഗ്ലീഷുപുസ്തകങ്ങളിൽ താഴെപ്പറയുന്നവ പ്രത്യേകം പ്രസ്താവയോഗ്യങ്ങളാണ്.

Jonah and Daniel by Anthony H. Hanson, M. A., D. D.,
(Christian Students' Library) Rs. 1/8
'The New Testament Christianity' Geoffrey Bles Rs. 7/14
'Naught for Your Comfort' by Fr. Huddleston, Collins Rs. 9/6
Bartholomens Ziegenbalg Paper Rs. 1/12. Cloth Rs. 2/8
'It Began at Tranquebar' Paper Rs. 2/- Cloth Rs. 3/-
Childrens' Books.
Picture Stories of the Old Testament @ Rs. 1/2
,, ,, of Jesus @ 1/2
Bible Story Books @ 1/2
Bible Picture Books for small people @ 1/14.

സിംഗപ്പൂർ ആംഗ്ലിക്കൻ മലയാളി ഇടവക

ഈ ഇടവകയുടെ ഒന്നാമത്തെ പൊതുയോഗം 1956 ജൂൺ മാസം 3നു ക്രൈസ്റ്റ്റ്റ്റ് ചർച്ചു സ്ക്കൂളിൽവച്ചു റവ. കാനൻ സാമുവേൽ ബാബുവിന്റെ അദ്ധ്യക്ഷതയിലും മലയാളി പട്ടക്കാരന്റെ നേതൃത്വത്തിലും നടത്തപ്പെട്ടു. ഏകദേശം 75 അംഗങ്ങളോളം ഹാജരുണ്ടായിരുന്നു. ഇപ്പോൾ ഈ ഇടവകയിൽ 65 മാസവരി നല്കുന്ന അംഗങ്ങൾ ഉൾപ്പെടെ 180 അംഗങ്ങളോളം ഉണ്ടു.

1955-ലെ ഇടവകയുടെ പ്രവർത്തനത്തെപ്പറ്റി അച്ചടിച്ചു വിതരണം ചെയ്തിരുന്ന റിപ്പോർട്ടും കണക്കും പൊതുയോഗത്തിൽ വായിച്ചു പാസ്സാക്കി. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 894 ഡോളർ 46 സെൻറു മിച്ചം ഉണ്ടായിരുന്നു.

1956-ലേക്കുള്ള കമ്മറ്റി അംഗങ്ങളെ തിരഞ്ഞെടുത്തു. രണ്ടു പട്ടക്കാരെക്കൂടാതെ ഡോ

ബി. സി. ജോൺ, മെസേഴ്സ് കെ. റ്റി. അലക്സാണ്ടർ, ജേക്കബു മാത്യൂസ്, പി. കെ. നൈനാൻ (സെക്രട്ടറി) പി. സി. ചാക്കോ (ഖജാൻജി) പി. ഐ. ജോസഫ, സി. ജേക്കബ്, എം. എം. ലൂക്കൊസു, എം. ജെ. ചെറിയാൻ, സി. ജെ. ഫിലിപ്പു, കെ. റ്റി. തോമസു ഇവർ കമ്മറ്റി അംഗങ്ങളും മെസേഴ്സ് ജോസഫ് ലിനഡ്, കെ. ഇ. മാമ്മൻ ഇവർ ഓണറ്റി ആഡിറ്ററന്മാരുമാണ.

കഴിഞ്ഞകൊല്ലം ഒരു ബപ്തീസ്മയും ഒരു സ്ഥിരീകരണശുശ്രൂഷയും നടത്തപ്പെട്ടു. പതിവായിട്ടുള്ള ശുശ്രൂഷകൾ ക്രൈസ്റ്റ് ചർച്ചിലും നേവൽബേസിലും നടന്നുവന്നു. കൂടാതെ ആദ്യമായി ക്രിസ്തുമസ്സ് ഗാനത്തിനായി ഇടവകയുടെ ഗായകസംഘം പട്ടണത്തിന്റെ പല ഭാഗങ്ങളിലും സഞ്ചരിച്ചു ഗാനങ്ങൾ ആലപിച്ചു.

ലോണിങ്ങു കമ്മറ്റിയുടെ പരിശ്രമഫലമായി ഇടവകപ്പട്ടക്കാരന്റെ യാത്രചെലവു മിക്കവാറും ബംഗ്ലാവിനുള്ള വിലയുടെ ഭാഗികമായ അഡ്വാൻസ് പട്ടക്കാരന്റെ വീട്ടുവാടക എന്നിവയും കൊടുത്തുവരുന്നു.

ആരംഭദേശയിൽ നേരിട്ട ഏന്നു മാച്ചുമാസത്തിൽ എഴുതിയിരുന്ന ആ പ്രയാസങ്ങൾ എല്ലാം നീങ്ങി ഇടവക പുരോഗമിച്ചും അഭിവൃദ്ധിപ്പെട്ടും വരുന്നു എന്നു രേഖപ്പെടുത്തുന്നതിനു ഞങ്ങൾക്കു അതിയായ സന്തോഷം ഉണ്ടു. ഒരു റ്റീം ആയി പുരോഗമിക്കുന്നതിനുള്ള ഞങ്ങളുടെ ആഗ്രഹം ദൈവം സാധിപ്പിച്ചുതരട്ടെ.

മദ്ധ്യതിരുവിതാംകൂർ മഹായിടവകയുടെ അദ്ധ്യക്ഷനോടുള്ള സ്നേഹബഹുമാനാദികളെ ഈ ഇടവക ഇവിടെ പ്രകാശിപ്പിച്ചു കൊള്ളുന്നു. ഈ മഹായിടവകയുടെ അദ്ധ്യക്ഷനോടുള്ള കടപ്പാടിനെയും ഞങ്ങൾ രേഖപ്പെടുത്തികൊള്ളുന്നു. മദ്ധ്യതിരുവിതാംകൂർ മഹായിടവകയിലുള്ള പട്ടക്കാർക്കും ജനങ്ങൾക്കും ഞങ്ങളുടെ പ്രാർത്ഥനയും സഹകരണവും വാഗ്ദാനം ചെയ്യുന്നതോടൊപ്പം നിങ്ങളുടെ എല്ലാവരുടെയും പ്രാർത്ഥനയിൽ ഈ ഇടവകയെ കൂടെ വഹിച്ചുകൊള്ളണമെന്നുള്ള അപേക്ഷയും രേഖപ്പെടുത്തുന്നതിൽ സന്തോഷമുണ്ടു.

നിങ്ങളുടെ
C. J. THOMAS.,
(മലയാളി പട്ടക്കാരൻ).

വാർത്തകളും കുറിപ്പുകളും

റഷ്യയിലെ ദിർഘായുഷ്മാർ. ജോർജ്ജിയാ സംസ്ഥാനത്തേക്കു പോയ റഷ്യൻ ശാസ്ത്രജ്ഞന്മാർ കൊക്കേഷ്യൻ പ്രദേശങ്ങളിൽ അധിവസിക്കുന്ന 155 വയസ്സുള്ള ഒരു കൃഷിക്കാരനെ കണ്ടെത്തുന്നതിനിടയായി. അയാൾ ഇപ്പോഴും ആരോഗ്യവാനായി തന്റെ കൃഷിസ്ഥലത്തു ചിലപ്പോഴെല്ലാം പണി ചെയ്യുന്നവനായുമിരിക്കുന്നു. പ്രസ്തുത ശാസ്ത്രജ്ഞന്മാർ 147 വയസ്സുള്ള വേറൊരാളെയും കണ്ടുപിടിച്ചു. അയാൾ ഒരു തോട്ടപ്പണിക്കാരനാണു. തൊണ്ണൂറും അതിലധികവും വയസ്സുള്ള പതിനായിരം പേർ ആ പ്രദേശങ്ങളിലുണ്ടെന്നു ഫാസ് പത്രം പ്രസ്താവിക്കുന്നു.

വില്പനയധികമുള്ള ഗ്രന്ഥങ്ങൾ. യൂറോപ്പിനെ റപ്പോട്ടനുസരിച്ചു ലോകത്തിൽ ഏറ്റവുമധികം വില്പനയുള്ള ഗ്രന്ഥം ബൈബിളാണു. അതു കഴിഞ്ഞാൽ മാർക്സ ഏങ്കൽസ്, ലനിൻ, സ്റ്റാലിൻ എന്നിവരുടെ കൃതികളാണു അധികമായി വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചിട്ടുള്ളതു. പിന്നത്തേതു അഗതാ ക്രിസ്റ്റി, ഗീഥെ, ഷേക്സ്പിയർ, ടോൾസ്റ്റോയി, മാക്ട്വൈൻ മുതലായവ 15 ഭാഷകളിൽ വിവർത്തനം ചെയ്തിട്ടുണ്ടു. 48 രാജ്യങ്ങളിലായി വിവിധ കൃതികളുടെ 21000 വിവർത്തനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നു 1954-ലെ റിപ്പോർട്ടിൽ കാണുന്നു. ജർമ്മനിയിലും ഫ്രാൻസിലുമാണു കൂടുതൽ പ്രസിദ്ധീകരണങ്ങളുണ്ടായിട്ടുള്ളതു.

വീനസ്—ചൊവ്വാഗ്രഹം, ചൊവ്വായിൽനിന്നു റേഡിയൊ ശബ്ദങ്ങൾ മെയിമാസത്തിൽ കേട്ടതായി അമേരിക്കയിലെ കാഹിയൊ സുവ്കലാശാല നക്ഷത്രബംഗ്ലാവിലെ ഡയറക്ടർ പ്രസ്താവിക്കുന്നു. രണ്ടുകോടി എഴുപതുലക്ഷം മൈൽ ദൂരത്തിൽ ദൂരെയുള്ള ചൊവ്വാഗ്രഹത്തിൽനിന്നുള്ള റേഡിയൊശബ്ദങ്ങൾ ഇപ്പോൾ ആദ്യമായിട്ടാണു കേട്ടതു. ഭൂമിയുടെ മേഘങ്ങളിൽ നിന്നുള്ള ഇടിയുടെ ശബ്ദംപോലെ ഏതാനും മണിക്കൂർ നേരമുണ്ടായിരുന്നു. അതുപോലെ ചൊവ്വായിലുമുള്ളതായി ഗണിക്കാവുന്നതാണു. അതെ വലിപ്പത്തിൽതന്നെ ഭൂമിയും ഏറെവുമടുത്തുള്ള ഗ്രഹം ചൊവ്വാ ആകയാൽ രണ്ടിനെയും ഇരട്ടഗ്രഹങ്ങളായി ഗണിക്കാവുന്നതാണു. റേഡിയൊ ദൂരക്കണ്ണാടിവഴിയാണു ഈ ശബ്ദാടയാളങ്ങൾ ലഭിക്കാനിടയായതു. ഇപ്പോൾ ചൊവ്വാഗ്രഹം പ്രതിദിനം 5 ലക്ഷം മൈൽ വീതം അടുത്തുകൊണ്ടാണിരിക്കുന്നതു. പടിഞ്ഞാറെ ആകാശത്തിൽ സന്ധ്യക്കു ഇപ്പോൾ ചൊവ്വാഗ്രഹം പ്രകാശിച്ചു കാണാവുന്നതാണു. ജൂൺ 22നു യായിരുന്നു അതു ഭൂമിക്കേറ്റവും അടുത്തു വന്നതു. അതു രണ്ടുകോടി എഴുപതുലക്ഷം മൈലാണു. ഇങ്ങനെയുള്ള റേഡിയൊ ശബ്ദചിഹ്നങ്ങൾ കഴിഞ്ഞ വർഷം ജൂപ്പിറ്ററിൽനിന്നും ലഭിക്കയുണ്ടായിട്ടുണ്ട്.

സപകായ്ം. കോട്ടയത്തു താമസിച്ചിരുന്ന എ പി. ഇട്ടിയച്ചനും എനിക്കും മംഗളാശംസകൾ നല്കി യാത്ര പറഞ്ഞയയ്ക്കുന്ന ഒരു പ്രസ്താവന കോട്ടയം ഇടവകയിൽ കാണുകയുണ്ടായി. എന്റെ കായ്യം പറഞ്ഞാൽ ഇനിക്കു കോട്ടയത്തോടു ദീർഘകാലബന്ധമാണുണ്ടായിരുന്നതു. ഹൈസ്ക്കൂളിലും കോളജിലും പഠിച്ചകാലവും സൈമാപേട്ടറിട്ടേർസ് കോളജിലെ പരിശീലനം കഴിഞ്ഞു സി. എൻ. മൈയിൽ ടെയിനിങ്ങുമാസ്റ്ററായും വൈ. എം. സി. എ. സെക്രട്ടറിയായും ബാലസൗഹൃദ സംഘപ്രവർത്തകനായുമിരുന്ന കാലവും വൈദികനായി തീർന്നതിന്റെശേഷം കഞ്ഞിക്കഴിയിലും സി. എം. എസ്സ്. പ്രസ്സിലും കോളജിലും സേവനം ചെയ്ത കാലവുമെല്ലാം കൂടെ 46 വർഷം കോട്ടയത്തു തന്നെയായിരുന്നു. കത്തീഡ്രലിലെ ഗായകസംഘനേതാവായും സണ്ടെസ്ക്കൂൾ പ്രവർത്തകനായും ഡയോസിസൻ കൌൺസിലംഗമായും ചിരനാൾ ഭരിച്ചിട്ടുണ്ടു. വിവാഹം ചെയ്തും കോട്ടയത്തുനിന്നാണു. അതിനാൽ സ്വദേശവും സ്വന്ത ഇടവകയുമായിരുന്ന കോട്ടയമാണു ഇപ്പോൾ വിട്ടു മൂലേടത്തു താമസമാക്കിയിരിക്കുന്നതു. ഇതു പുതിയാളുകൾക്കും ചെറുപ്പക്കാർക്കും അതു നിശ്ചയമുണ്ടായിരിക്കയില്ല. പ്രസ്സിലും കോളജിലും അടുത്ത സെപ്തംബർവരെ ജോലി തുടരുന്നതായിരിക്കും. ഇനിയും ഏഴത്തുകൾ അയക്കേണ്ടും മേൽവിലാസം. Rev. C. K. JOHN, C. S. I. Pastor,

Mooledam, Nattakom, P. O. Pallom.

ബൈബിൾസ്ക്കൂൾ. തിരുവല്ലാ ബൈബിൾസ്ക്കൂൾ അദ്ധ്യക്ഷനായി റവ. പി. സി. മാത്യുവിനെയാണല്ലൊ റവ. സി. ഐ. മത്തായിക്കു പകരം നിയമിച്ചതു. എന്നാൽ മാത്യുഅച്ചനു മേഹാസ്വാസ്ഥ്യം നിമിത്തം അവധി എടുക്കേണ്ടി വന്നതിനാൽ ഒരു മാസത്തോളം സ്ക്കൂൾ അടയ്ക്കുകയാണു ചെയ്തതു. ബൈബിൾ സ്ക്കൂൾ ചുമതല തുടർന്നു വഹിക്കുന്നതിനു പ്രയാസമായി തോന്നുകയും അതിൽ നിന്നു വിടുത്തണമെന്നാവശ്യപ്പെടുകയും ചെയ്തതിനാൽ പെരുന്നുരുത്തി ഇടവകയിൽ നിന്നു റവ. ററി. എസ്സ്. ജോസഫിനെ ബൈബിൾസ്ക്കൂളിലേക്കും റവ. പി. സി. മാത്യുവിനെ ആ ഇടവകയിലേക്കും മാറ്റിയിരിക്കുന്നു.

സാഹിത്യവാരം. ആണ്ടുതോറും നമ്മുടെ മഹായിടവകയിലെങ്ങും ആചരിച്ചുവരുന്ന ക്രിസ്തീയ സാഹിത്യവാരം ജൂലായി 22—29 യുള്ള ആഴ്ചവട്ടത്തിൽ നിർവഹിക്കുന്നതിനു സാഹിത്യബോർഡു തീരുമാനിച്ചിരിക്കുന്നു. അതു സംബന്ധിച്ചു മലയാളം സി. എൽ. എസ്സിൽ നിന്നു പ്രസിദ്ധപ്പെടുത്തീട്ടുള്ള വിജ്ഞാപനം ഇടവകകളിലേക്കു അയയ്ക്കുന്നതാണ്. 22നു മുമ്പുള്ള രണ്ടു ഞായറാഴ്ചകളിൽ അതിനെപ്പറ്റി വിവരമായി പരസ്യപ്പെടുത്തുകയും 22നു ഒരു പ്രത്യേക പ്രസംഗം ചെയ്യുകയും വേണം. അന്നേദിവസം സഭാംഗങ്ങൾക്കു

കാണുന്നതിനും വാങ്ങിക്കുന്നതിനും ഒരു ബുക്കുസ്റ്റോൾ പൂമുഖത്തോ വെസ്റ്റിബ്യിലൊ ക്രമീകരിച്ചിരിക്കണം. ഇടദിവസങ്ങളിൽ ഇടവകയിലെ വിവിധഭാഗങ്ങളിൽ പുസ്തകവില്പന നടത്തുന്നതിനു യുത്ത് ലീഗംഗങ്ങളെ ഏല്പാട്ട ചെയ്യണം. പുസ്തകങ്ങൾ തിരുവല്ലാ സി. എൽ. എ സ്റ്റിൽനിന്നും കോട്ടയം ഡയോസിസൻ ബുക്കുഡിപ്പോയിൽനിന്നും പ്രത്യേക കമ്മീഷൻനിരക്കിൽ ലഭിക്കുന്നതായിരിക്കും.

മഹായിടവകദിനം ജൂലായി 25നു യാണല്ലൊ. കഴിഞ്ഞ വർഷം അതുൽപ്പെടുന്ന ആഴ്ചവട്ടം ഒരു പ്രാർത്ഥനാവാരമായി നാം ആചരിച്ചതു ഓർമ്മിക്കുമല്ലോ. ബിഷോപ്പു തിരുമനസ്സിലെ കത്തിൽ അതു സംബന്ധിച്ചുള്ള സൂചനശ്രദ്ധേയമാണു. അതിന്റെ ഒരു വിജ്ഞാപനം എല്ലാ ഇടവകകളിലും അയച്ചുതന്നിട്ടുള്ളതുപയോഗിച്ചു വേണ്ടതു ചെയ്യുന്നതിൽ ഉത്സാഹിക്കുമല്ലൊ.

ഇന്ത്യയിലെ മിഷ്യനറി പ്രവർത്തനത്തിന്റെ കാൽശതാബ്ദ്യജുബിലി. ഇന്ത്യയിൽ മിഷ്യനറിപ്രവർത്തനം ആരംഭിച്ചിട്ടു 250 വർഷം തികയുന്നതിന്റെ സ്മാരകമായി ജൂലായി 29നു ഒരു പ്രാർത്ഥനാദിനമായി ആചരിക്കുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുന്നു.

ദൈവസ്നേഹവും കഷ്ടതകളും

(By KOSHI JOHN)

നാം വസിക്കുന്ന ലോകം കഷ്ടതകൾ കൊണ്ടു നിറഞ്ഞിരിക്കുന്നു എന്നാണെന്നു എല്ലാ മതക്കാരും ഒരുപോലെ സമ്മതിക്കുന്നു ഒരു സത്യമാകുന്നു. കണ്ണുനീരിന്റെ ഒരു ലോകത്തിലേക്കുതന്നെ മനുഷ്യൻ കരച്ചിലോടുകൂടെ ജാതനാകുന്നതെന്നു പ്രസിദ്ധ കവിയായ കുഞ്ചൻ നമ്പ്യാർ ഫലിതരൂപത്തിൽ പറയുന്നു. അദ്ദേഹം ഒരു കവിതയിൽ എഴുതിയിരിക്കുന്നതു, "ഉണ്ടോ ചിരിച്ചു ജനിക്കുന്ന മാനുഷ്യർ, കണ്ടിതു ഭൂമി എന്നാലുണ്ടുരോദനം" എന്നാകുന്നു! ഒരു തരം അല്ലെങ്കിൽ മറെറാരു തരം കഷ്ടതകൾ ഇല്ലാത്ത മനുഷ്യർ ആരുമില്ല.

എന്നാൽ കഷ്ടതകൾ എവിടെ നിന്നുണ്ടായി? കഷ്ടതകളൊന്നും ഇല്ലാത്ത ഒരു ലോകത്തെ ആകുന്ന ദൈവം ആദിയിൽ സൃഷ്ടിച്ചതു. അതുകൊണ്ടതു ആറാംദിവസം സകലവും നോക്കീട്ടു "എത്രയും നല്ലതു" എന്ന ദൈവം അരുളിച്ചെയ്തതു. ഇതു നല്ലൊരു ലോകത്തിൽ കഷ്ടതകൾ കയറിയതു പാപത്തിന്റെ അനന്തരഫലമായിരുന്നു. ഇതു സ്നേഹമൂർത്തിയായ സൃഷ്ടാവിന്റെ മനസ്സിനെ വളരെ മണ്ഡിപ്പിച്ചു, എങ്കിലും കഷ്ടതകളിൽകൂടെ ലോകത്തെ വീണ്ടും പുതുതാക്കുവാൻ ദൈവം തിരുമനസ്സായി. മനുഷ്യനോടുണ്ടായ അലിവുമൂലം ദൈവസ്നേഹം ലോകത്തിലേക്കു ഒഴുകുവാൻ തുടങ്ങി. ഏതുപ്രകാരം ഒരു അമ്മ രോഗിയും ക്ഷീണനുമായിരിക്കുന്ന അവളുടെ മകനോടു, അവളുടെ മറെറല്ലാ മക്കളെക്കാൾ കൂടുതൽ സ്നേഹവും പരിപാലനവും ശുശ്രൂഷയും കാണിക്കുന്നുവോ അപ്രകാരം ദൈവം കഷ്ടതകളാൽ വലയുന്ന ലോകത്തോടു എണ്ണമില്ലാത്ത മറെറല്ലാ ഗോളങ്ങളിലെ നിവാസികളെക്കാളും തല്പരനാകുന്നു. മറന്നു കൊണ്ടെന്നപോലെ മനുഷ്യനെ ശുശ്രൂഷിപ്പാൻ സമയം ഇറങ്ങിവരുന്ന ചിന്തു, ഹാ! എത്ര മനോഹരമായിരിക്കുന്നു. ദൈവത്തിന്റെ ദൂതന്മാർ അതിശയംകൂറി നോക്കിക്കൊണ്ടിരിക്കുന്ന ഒരു കാഴ്ചയാണിതു എന്നു വിശുദ്ധ വേദം പറയുന്നു. കഷ്ടതകളാൽ ഭാരപ്പെട്ട മനം കലങ്ങിയിരിക്കുന്ന ഏവരുമേ ധൈര്യപ്പെടുവിൻ! എന്തെന്നാൽ സർവ്വശക്തനായ ദൈവം നമ്മുടെ കഷ്ടതകളിൽ നമുക്കു തുണെപ്പാൻ "ആകാശം ചായിച്ചു" എന്നപോലെ നമ്മുടെ അടുക്കലേക്കു ഇറങ്ങി വരുന്നുണ്ടു. "അവന്റെ കാൽചുവടുകളെ" പക്ഷെ നാം കാണുന്നില്ലായിരിക്കാം; എങ്കിലും "ദൈവം നമുടെ സങ്കേതവും ബലവും കഷ്ടങ്ങളിൽ ഏറവും അടുത്ത തുണയുമായിരിക്കുന്നു" (സങ്കി. 46—1). പാപമാകുന്ന കാമ്പോഷം പൊഴിക്കുന്ന വന്മഴയായ കഷ്ടതകളാൽ ദൈവത്തെ മനുഷ്യനിൽനിന്നു അകററാമെന്നാകുന്ന സാത്താൻ

ഓർത്തതു. എന്നാൽ ഇപ്പോൾ ഇതാ ദൈവം സ്വന്ത മനുഷ്യന്റെ മറിവുകളെ വെച്ചുകെട്ടാൻ അവന്റെ അടുക്കലേക്കു ഇറങ്ങിവരുന്നു.

1. കഷ്ടതകൾ ദൈവത്തെ നമ്മോടു അധികമായി അടുപ്പിക്കുന്നു. "പിളർന്നോരു പാറയുടെ" വിള്ളലിൽ നാം അഭയം പ്രാപിച്ചു നില്ക്കുന്നവരെങ്കിൽ നമ്മുടെ മേൽ പെയ്യുന്ന കഷ്ടതകളായ വാഴ്ച പാറയുടെ പുറത്തു വീണു ഒഴുകിപോകുകയാകുന്നു! യാതൊരു കഷ്ടതയും നമ്മെ തട്ടാതിരിക്കത്തക്കവണ്ണം നമുക്കുവേണ്ടി കഷ്ടതകൾ ഏറ്റു മരിച്ച ദൈവപുത്രനെ കഷ്ടതകളാൽ വലയുന്ന ഏവരും നോക്കട്ടെ! വെള്ളത്തിൽ നിന്നു കയറുന്ന ഒരു താറാവു മേറ കൊടച്ചിലിനു അതിന്റെ ത്വഗ്വയുകളിന്മേൽ പറ്റിയ വെള്ളത്തെ തെറിപ്പിച്ചുകളയുന്നതുപോലെ യേശു നമ്മുടെ കഷ്ടതകളെയെല്ലാം തന്റെ ഉയർപ്പിനാൽ തെറിപ്പിച്ചുകളഞ്ഞിരിക്കയാകുന്നു. ദൈവം നമ്മോടു അടുത്തു വന്നതിന്റെ ഫലമത്രെ ഇതു.

2. അവണ്ണം തന്നെ കഷ്ടതകൾ നമ്മെ ക്രൂശതലായി ദൈവത്തോടു അടുപ്പിക്കുന്നു. ശൌലിനെ ഭയന്നുള്ള ഓടിപ്പോക്കും സ്വന്തമെന്നായിരുന്ന അബ്ശലോമിൽ നിന്നുണ്ടായ കഷ്ടതകളും ദാവീദിനെ ദൈവത്തോടു ഏറ്റവും അധികമായി അടുപ്പിക്കയായിരുന്നു. അതു കൊണ്ടു ദാവീദു പിന്നീടു പാടിയതു "ഞാൻ കഷ്ടമനുഭവിച്ചതു എനിക്കു നന്നായി" എന്നായിരുന്നു. "നമ്മുടെ സഹായം എവിടെ നിന്നു വരുന്നു, ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കിയ യഹോവയിൽനിന്നുതന്നെ" അപ്പൊസ്തലന്മാരുടെ കഷ്ടതകൾ അവരെ ക്രിസ്തുവിനോടു ക്രൂശതലായി അടുപ്പിക്കയായിരുന്നു. വിദേശത്തും സ്വദേശത്തും സുവിശേഷം അറിയിക്കുന്ന ക്രിസ്തീയ വേലക്കാരുടെ കഷ്ടതകൾ ക്രൂശതലായി അവരെ ധൈര്യപ്പെടുത്തുന്ന പ്രോത്സാഹനങ്ങൾ അല്ലയോ? വ്യക്തിപരമായി ഇതുതന്നെ അല്ലയോ നമ്മുടെ ഓരോരുത്തരുടെയും അനുഭവം. മക്കളുച്ചൊല്ലി വ്യാകുലത്തിലും കഷ്ടതകളിലും ഇരിക്കുന്ന അമ്മയപ്പന്മാർക്കും മാരിവ്യുടുഖത്താൽ വലയുന്ന ഏവർക്കും ഉള്ള ഏകമനസ്സമാധാനം അവർ ദൈവത്തോടു അടുത്തു ജീവിക്കുന്നതിലാകുന്നു.

ഇവിടെ ഒരു സംഗതി പ്രത്യേകം ഗ്രഹിപ്പാനുണ്ടു, അതായതു കഷ്ടതകൾ നമ്മെ ദൈവത്തിൽ നിന്നു അകറ്റിക്കളയുവാനും പ്രയാസമായവയാണെന്നുള്ളതാകുന്നു. യോബിന്റെ കഷ്ടതകൾ അവന്റെ ഭാര്യയുടെ ഹൃദയത്തെ 'കഠിനപ്പെടുത്തി, അവൻ അവനോടു പറഞ്ഞതു, "നീ ഇനിയും നിന്റെ ഭക്തി മുറുകെ പിടിച്ചുകൊണ്ടിരിക്കുന്നുവോ? ദൈവത്തെ തൃജിച്ചു മരിച്ചുകൊൾക." ഇങ്ങനത്തെ അനുഭവം നമുക്കാർക്കും ഉണ്ടാകാതിരിപ്പാൻ ദൈവം സഹായിക്കട്ടെ.

3. ചില മനുഷ്യർ ചോദിക്കാറുണ്ടു, ക്രിസ്തു നമ്മുടെ കഷ്ടതകളെ എല്ലാം ഏറ്റു മരിച്ചുയർത്തെഴുന്നേറ്റിരിക്കെ, പിന്നെയും ദൈവം നമ്മെ കഷ്ടമനുഭവിപ്പിക്കുന്നതു എന്തിനായിട്ടെന്നു. അഗാധമായ ഈ പ്രശ്നം നാം ശ്രദ്ധിക്കേണ്ടതാകുന്നു. ക്രിസ്തു മരിച്ചതു നമ്മുടെ കഷ്ടതകളെ നീക്കുവാനല്ല. പിന്നെയോ കഷ്ടതകളിൽക്കൂടെ മഹത്വത്തിലേക്കു ഒരു രാജപാത കർത്താവു തുറക്കുകയായിരുന്നു. കഷ്ടതകൾ ഒന്നാകെ നീക്കപ്പെട്ടാൽ പാപം പിന്നെയും വർദ്ധിക്കുകയെ ഉള്ളൂ.

ഒരു മദ്യപാനി അവന്റെ അമിതമായ കുടിയാൽ അവന്റെ കരളിനും ആമാശയത്തിനും തലച്ചോറിനും കേടു വരുത്തി അവൻ രോഗിയായിത്തീരുന്നു. എന്നാൽ അവൻ എത്ര മേൽ കുടിച്ചാലും രോഗമെന്ന കഷ്ടത ഇല്ലാതിരുന്നാൽ മദ്യപാനത്തിൽ അവൻ മുതിരുകയുള്ളൂ. രോഗം എന്ന പ്രതിബന്ധമാകുന്നു, അവൻ ബുദ്ധിയുള്ളവനാണെങ്കിൽ കുടിയിൽ നിന്നു അവനെ തടുക്കുന്നതു—അവണ്ണം തന്നെ കഷ്ടതകളെല്ലാം ലോകത്തിൽനിന്നു നീക്കപ്പെട്ടാൽ അഴിച്ചുവിടപ്പെട്ട മനുഷ്യനെപ്പോലെ, പാപം അതിന്റെ സമ്പൂർണശക്തിയിലും മദം ഇളകി വർദ്ധിക്കുകയെ ഉള്ളൂ.

എമ്മവൂസിലേക്കുപോയ ശിഷ്യന്മാർ ഓർത്തതു, നസറയനായ ഈ യിസ്രായേലിന്റെ കഷ്ടതകളെ എല്ലാം നീക്കി ഉടനെ രാജ്യം യഥാസ്ഥാനപ്പെടുത്തുമെന്നായിരുന്നു "ഞങ്ങളോ

അവൻ യിസ്രായേലിനെ വിണ്ടെടുപ്പാനുള്ളവനെന്നു ആശിച്ചിരുന്നു." കർത്താവു അവരോടു പറഞ്ഞ മറുപടി "അയ്യോ! ബുദ്ധിഹീനരെ പ്രവാചകന്മാർ പറഞ്ഞിരിക്കുന്നതു വിശ്വസിക്കാത്ത മന്ദബുദ്ധികളെ! ക്രിസ്തു ഇപ്രകാരം കഷ്ടമനുഭവിച്ചിട്ടു തന്റെ മഹത്വത്തിലേക്കു പ്രവേശിക്കേണ്ടതല്ലയോ—"No Cross, No Crown" കുരിശു അഥവാ കഷ്ടത ഇല്ലാതെ കിരീടമില്ല എന്നാകുന്നു ദൈവത്തിന്റെ പ്രമാണം. അതിനാൽ ഈ ലോകവും പാപവും ഇരിക്കും കാലത്തോളം കഷ്ടതകൾ നീക്കപ്പെട്ടുകൂടാത്തതാകുന്നു. ദൈവത്തിന്റെ മഹാവലിയ സ്നേഹമതെ നിലവിലിരിക്കുന്ന കഷ്ടതകളിൽ കൂടെ വിളങ്ങുന്നതു്.

അവസാനമായി ലോകത്തിന്റെ കഷ്ടതകൾ എന്നാളും ഇതേപടി ഇരിക്കുമെന്നല്ല വിശുദ്ധ വേദപുസ്തകം പറഞ്ഞിരിക്കുന്നതു. കഷ്ടതകളെല്ലാം പരിഹാരം നീക്കപ്പെടുന്നകാലം ശീഘ്രം അടുത്തുവരുന്നു. അന്നത്തെ ലോകം ഒരു പുതിയ ലോകമായിരിക്കുമെന്നാകുന്നു വിശുദ്ധ യോഹന്നാൻ കണ്ടതു. കഷ്ടതകൾക്കു അവിടെ പ്രവേശനമില്ല, ദുഃഖമോ, വേർപാടുമൂലമുള്ള മുറവിളിയോ, ചൂടോ, വെയിലോ യാതൊന്നും അവിടെ ഉണ്ടായിരിക്കയില്ല. ഇപ്പോൾ നമുക്കുള്ള കഷ്ടതകളാകുന്നു ഈ മഹത്വത്തിലേക്കു നമ്മെ വഴി നടത്തുന്നതു്.

കഷ്ടതയിലും പാടുവാൻ— നഷ്ടമതിൽകൊണ്ടാടുവാൻ,
ശക്തി അരുൾകനാഥനെ—ഭക്തിയിൽ പൂണ്ടു ഞാൻ ആകുകെ—

പട്ടക്കാരുടെ കോൺഫറൻസ്

ജൂലായി 3നു നടക്കുന്തക്കവണ്ണം ബിഷോപ്പുതിരുമേനി വിളിച്ചുകൂട്ടുകയുണ്ടായി. 60 പട്ടക്കാരും 10 അയ്യനിപ്രവർത്തകരും ഹാജരുണ്ടായിരുന്നു. 9.30 മണിക്കു വിശുദ്ധ സംസർഗ്ഗശുശ്രൂഷകൊണ്ടു ആരംഭിക്കയും ബിഷോപ്പുതിരുമേനി വി. യോഹന്നാൻ സ്ഥാപകനെ പ്പറ്റി ഒരു പ്രസംഗം ചെയ്കയും ചെയ്തു. അവനെ സംബന്ധിച്ചുള്ള പ്രസ്താവനകളിൽ അവൻ ക്രിസ്തുവിനെ ചൂണ്ടിക്കാണിക്കുന്നതിലും വലിയവനാക്കുന്നതിലും അതീവ തല്പരനായിരുന്നതുപോലെ നമ്മുടെ എല്ലാ സംരംഭങ്ങളിലും ക്രിസ്തുവിനെ ഉയർത്തിക്കാണിക്കുന്നതായിരിക്കണം നമ്മുടെ ലാക്കെന്നുൽബോധിപ്പിച്ചു. അനന്തരം ഒരു ചെറുശുശ്രൂഷയെ തുടർന്നു കർമ്മിസ്സറി റവ. എം. ജെ. ചാണ്ടിയച്ചൻ തെസ്സലോനിക്യരോടുള്ള വി. പൌലൊസിന്റെ പ്രബോധനത്തെ അടിസ്ഥാനമാക്കി പട്ടക്കാരുടെ വിശുദ്ധ ജീവിതത്തിന്റെ പ്രാധാന്യത്തെപ്പറ്റി പ്രസംഗിച്ചു.

ഉച്ചഭക്ഷണത്തിന്റെ ശേഷം വീണ്ടും കൂടി മഹായിടവക സംബന്ധമായ ചില പ്രത്യേക സംഗതികളെപ്പറ്റിയും ബിഷോപ്പുതിരുമേനി പ്രസ്താവിക്കയും കൂടിയാലോചന നടത്തുകയും ചെയ്തു.

1. സി. എസ്സ്. ഐ. ക്രമപ്രകാരമുള്ള വി. സംസർഗ്ഗശുശ്രൂഷ മാസത്തിലൊരിക്കലെങ്കിലും എല്ലാ ഇടവകകളിലും നടത്തി ജനങ്ങൾക്കു അതു പരിചിതമാക്കണം.

2. സ്കൂൾ കാര്യങ്ങൾ ക്ലാസ്സുകൾക്കു വിഭാഗങ്ങൾ ഏർപ്പെടുത്തുകയും നിയമനങ്ങൾ നടത്തുകയും ഹൈസ്കൂളിൽ ഫിസുതുകയുടെ 20 ശതമാനം സൂക്ഷിക്കയും വിനിയോഗിക്കയും ചെയ്യുന്നതിനെപ്പറ്റിയുള്ള നിർദ്ദേശങ്ങൾ കോർപ്പറേറ്റ് മാനേജർ നല്കി.

3. മഹായിടവക ധനകാര്യം. കഴിഞ്ഞ വർഷം കേന്ദ്രഫണ്ടിലേക്കു ഇടവകകളിൽനിന്നു അടയ്ക്കേണ്ട തുകകളുടെ ആകെത്തുകയിൽ 3000 രൂപാ കുറവുണ്ടായിരുന്നെന്നും കുറവു വരുത്തിയ ഇടവകകൾ ഏതെല്ലാമെന്നും എത്രയെന്നും വെളിപ്പെടുത്തി. സി. എം. എസിന്റെ ഗ്രാന്റും കുറഞ്ഞു എങ്കിലുമുള്ളതു ഇനിയും ചിലവിക്കുന്നതിനു ഇടയില്ലാത്തതുകൊണ്ടു ധനസ്ഥിതി ഉയർത്തുന്ന കാര്യത്തിൽ എല്ലാ ഇടവകകളും അത്യുത്സാഹം ചെയ്യണമെന്നും കഴിഞ്ഞയാണ്ടത്തെ വാർഷികകണക്കയച്ചിട്ടില്ലാത്തവരുടെതു അയച്ചുകൊടുക്കണമെന്നും തെളിപ്പെടുത്തി.

4. ഭരണകാര്യം. സി. എസ്സ്. ഐ. യുടെ 14 മഹായിടവകകളിൽ മദ്ധ്യതിരുവിതാംകൂർ നിന്നായി സംഘടിപ്പിക്കപ്പെട്ടവയിൽ ഒന്നാണെന്നും ഡിസ്ട്രിക്ട് കൌൺസിലുകൾ വഴിയായി മഹായിടവക പ്രവർത്തനം പൂർവ്വാധികം കാര്യക്ഷമമാക്കണമെന്നാണ് സിനഡിന്റെ അഭിപ്രായഗതിയെന്നും ബിഷോപ്പുതിരുമേനി പ്രസ്താവിച്ചു.

5. സാഹിത്യവാരം. ക്രിസ്തീയ സാഹിത്യത്തിന്റെ പ്രചാരത്തിനുള്ള പ്രത്യേക പ്രയത്നമായി മുന്നാണ്ടുകളിലെപ്പോലെ ഒരു സാഹിത്യവാരാചരണം നടത്തുന്നതിനെപ്പറ്റി തിരുമേനി പ്രസ്താവിക്കയും എല്ലാ സഭകളിലും അതു വ്യാപിപ്പിക്കുന്നതിനായി സി. എൽ. എസ്സ്. ചെയ്യുന്ന ശ്രമങ്ങളെപ്പറ്റി റവ. ഇ. സി. ജോൺ, വിശദീകരിക്കയും എല്ലാ ഇടവകകളിലും അതു വിജയകരമാക്കുന്നതിനു അഭ്യർത്ഥിക്കയും ചെയ്തു.

6. മഹായിടവകദിനം. പ്രസ്തുത ദിനമായ ജൂലായി 25നു- സാമിതിവാരത്തിൽ ഉൾപ്പെടുന്നെന്നും മുന്നാണ്ടുകളിൽ ചെയ്തിരുന്നതുപോലെ പ്രസ്തുതയാഴ്ച മുഴുവനും ഒരു പ്രാർത്ഥനാവാരമായി ആചരിക്കണമെന്നും അതിനു സഹായകരമായ ഒരു വിജ്ഞാപനം അച്ചടിപ്പിച്ചു തയ്യാറാക്കിട്ടുള്ളതിന്റെ പ്രതികൾ ഓരോ ഇടവകയിലേയും ആവശ്യാനുസരണം കൊണ്ടുപോകണമെന്നും നിർദ്ദേശിച്ചു.

7. മിഷ്യനറിയാഘോഷം. ഭാരതത്തിൽ പാശ്ചാത്യമിഷ്യനറിമാർ ആദ്യം വന്നിറങ്ങിയതിന്റെ 250 വർഷം തികയുന്നതു ഈ മാസത്തിലാണെന്നും അതിന്റെ സ്മാരകമായി ജൂലായി 29നു- ആചരിച്ചു മിഷ്യനറിപ്രവർത്തനത്തിന്റെ പ്രാധാന്യവും അത്യാവശ്യവും എല്ലാവർക്കും ബോധപ്പെടുത്തണമെന്നും ഉപദേശിച്ചു.

8. സാക്ഷ്യവാരം. ഓണമിവസങ്ങളിൽ ആണ്ടുതോറും നിവ്വഹിക്കുന്ന സാക്ഷ്യവാരം ഈ പ്രാവശ്യം ആഗസ്റ്റ് 19—26 ആയിരിക്കുമെന്നും അതു സംബന്ധിച്ചുള്ള ആലോചനകൾ നടത്തുന്നതിനു അടുത്ത വെള്ളിയാഴ്ച സംയുക്തകമ്മറ്റിയുടെ യോഗം കൂടുമെന്നും റവ. എം. ഏം. ജോൺ അറിയിച്ചു.

9. മിഷ്യനറിസമ്മേളനം ഒക്ടോബർ നവംബർ മാസങ്ങളിൽ ഏതെങ്കിലും ഒരു സമയത്തു നടത്തുന്നതിനുള്ള സജ്ജീകരണങ്ങൾ ചെയ്യേണ്ടിയിരിക്കുന്നെന്നും മഹായിടവകയിൽ ഒരു സ്ഥലത്തു അതു നടത്തുന്നതിനു പകരം വിവിധങ്ങളായ മൂന്നു സ്ഥലങ്ങളിൽവച്ചു നടത്തുന്നതു കൂടുതൽ ഉപയുക്തമായിരിക്കുമെന്നു മിഷ്യൻബോർഡു സെക്രട്ടറി അഭിപ്രായപ്പെട്ടു.

10. മി. കെ. സി. മാത്യൂവിന്റെ പട്ടതാപസികരണം. കോളജിലെ ചാപ്പ്ലെയിൻ ജോലിയിൽ നിന്നു അടുത്ത സെപ്തംബറിൽ വിരമിക്കുന്ന റവ. സി. കെ. ജോണിനു പകരം നിയമിക്കപ്പെട്ടുന്ന മി. കെ. സി. മാത്യൂവിനു ഒരു ഏകദേശപരിശീലനപദ്ധതി നിർദ്ദേശിക്കയും സെപ്തംബർ 1നു- ഡീക്കൻപട്ടം നല്കുകയും ചെയ്യുന്നതായിരിക്കും.

11. അമേരിക്കൻ കമ്മീഷ്യന്റെ സന്ദർശനം. സി. എസ്സ്. ഐ നടപടികളും ക്രമങ്ങളും കണ്ടു മനസ്സിലാക്കുന്നതിനു അമേരിക്കൻ ആംഗ്ലിക്കൻ സഭയിൽ നിന്നും ഡോ. കെന്നഡിയുടെ നേതൃത്വത്തിൽ ഒരു കമ്മീഷ്യൻ ഇക്കഴിഞ്ഞയിടെ ആഗസ്റ്റവസാനത്തോടെ എത്തുന്നതും ഒരാഴ്ചയോളം നമ്മുടെ മഹായിടവകയിൽ സഞ്ചരിക്കുന്നതും കോട്ടയത്തു സി. കെ. സി. മാത്യൂവിന്റെ പട്ടംകൊടുശ്രൂഷയിൽ സംബന്ധിക്കുന്നതുമായിരിക്കും.

12. സുവിശേഷഘോഷണസംരംഭം. ഓരോ മഹായിടവകയിലും സുവിശേഷഘോഷണപരിശ്രമം പ്രോത്സാഹിപ്പിക്കുന്നതിലേക്കു സിനഡു മിഷ്യൻബോർഡു 300 ക. അനുവദിച്ചിട്ടുണ്ടെന്നും അതു സഹായമാക്കി മൂന്നു പ്രദേശങ്ങളിൽ സുവിശേഷസംരംഭം നടത്തുന്നതിനു മാസികയിൽ പ്രസിദ്ധപ്പെടുത്തിയപ്രകാരം ആലോചിച്ചു വരുന്നെന്നും അതിൽ സംബന്ധിക്കുന്നതിനു താല്പര്യവും പരിചയവുമുള്ളവരെ ഇടവകകളിൽനിന്നു തിരഞ്ഞെടുത്തയക്കുന്നതിനു അച്ചന്മാർ ഉത്സാഹിക്കണമെന്നും അറിയിച്ചു.

ഒടുവിൽ കേരളാക്സിലറി ബൈബിൾ സൊസൈറ്റി, മഹായിടവക ഗായകസംഘം, മിഷ്യൻ വസ്തുക്കൾ തുടങ്ങിയവയെപ്പറ്റിയും പ്രതിപാദിച്ചതിന്റെ ശേഷം പ്രാർത്ഥനാശീർവ്വാദങ്ങളോടെ മൂന്നരമണിക്ക് പിരിയുകയും ചെയ്തു.

കേരള ഓക്സിലറി

കേരള ഓക്സിലറിയുടെ ഉൽഘാടനമഹായോഗം 1956 ജൂൺ 30നു- ബിഷപ്പു ഹോളീസു തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ബേക്കർ മെമ്മോറിയൽ സക്കൂൾ ഹാളിൽവച്ചു കൊണ്ടാടുകയുണ്ടായി. കഠിനവർഷം തെല്ലും വകവയ്ക്കാതെ ഒട്ടനവധി മഹതീമഹാന്മാർ നാലുമണിയായതോടുകൂടെ ഹാളിൽ വന്നെത്തിക്കഴിഞ്ഞു. റവ. ക്ലീക്കിന്റെ പ്രാർത്ഥനാനന്തരം ബാലികമാരുടെ മധുരതരമായ സ്വാഗതഗാനമായിരുന്നു. അതിനെ തുടർന്നു ബിഷപ്പു ജയിക്കബു തിരുമേനി മാന്യഅതിഥികൾക്കും സന്നിഹിതരായിരുന്ന മറ്റവർക്കും സ്വാഗതമരുളി. കേരള ഓക്സിലറിയുടെ കോട്ടയം കേന്ദ്രമാക്കിയുള്ള പ്രവർത്തനം കേരളത്തിനു സാക്ഷാൽ ഒരു ഭാഗ്യമാണെന്നു പറയുകയും ഇതിന്റെ പുരോഗമനത്തിനു വിവിധ ക്രിസ്തീയ സഭാവിഭാഗങ്ങളുടെയും, വ്യക്തികളുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുകയും ചെയ്തു.

പ്രസ്തുത യോഗത്തിലെ പ്രധാന പ്രസംഗകൻ വേദപുസ്തകസമൂഹത്തിന്റെ ഇന്ത്യാ പാകിസ്ഥാൻ, സിലോൺ ജനറൽ സെക്രട്ടറിയായ മി. മഹന്തിയായിരുന്നു. തിരുവചനത്തിന്റെ പ്രചരണത്തിനു കേരളക്കരയിലുള്ള ക്രിസ്ത്യാനികളുടെ വിപുലമായ സുമനസ്സു കേരള ഓക്സിലറി ദൂരികരിക്കുമെന്നും അതിനായി കൈതാങ്ങൽ കൊടുക്കേണ്ടതു തിരുകൊച്ചിയിലുള്ള സഭകളുടെ അനിവാര്യമായ കർത്തവ്യമാണെന്നും മി. മഹന്തി ശക്തിയുക്തം സമർത്ഥിച്ചു. മാത്രമല്ല ഈ വിഷയത്തിൽ ഇന്നയോളം കേരളക്കരയിലെ ക്രിസ്തീയ സഭകൾ വേണ്ടവണ്ണം പ്രവർത്തിച്ചിട്ടില്ലെന്നു അദ്ദേഹം പറഞ്ഞു. ആകമാനം ലഭിക്കുന്ന ധനസ്ഥിതി വിവരക്കണക്കുകൾ ഉദ്ധരിച്ചു തിരുകൊച്ചിയിലുള്ള ക്രിസ്ത്യാനികൾ വേദപുസ്തകത്തിന്റെ ജാതൈകമായ പ്രചരണത്തിനായി പ്രതിവർഷം കേവലം ഒരു പൈ തന്നെ കൊടുക്കുന്നില്ലെന്നു മി. മഹന്തി ഖേദപൂർവ്വം പ്രസ്താവിച്ചു. ഈ സമയം വൈദ്യുത ദീപങ്ങളാൽ പ്രകാശിതമായിരുന്ന ഹാളിൽ സാങ്കൽപ്പികമായ ഒരു മങ്ങൽ ഉണ്ടായതുപോലെ തോന്നിപ്പോയി.

തുടർന്നു മാർത്തോമ്മാ വലിയ മെത്രാപ്പോലിത്താ തിരുമേനി, ഡാക്ടർ ചാപ്പ്മാർഡു, ഫാദർ കെ. ഫിലിപ്പോസു എന്നിവർ ചുരുക്കമായി ഓരോ സന്ദേശങ്ങൾ നല്കി. കേരള ഓക്സിലറി നമ്മുടെ മഹാഭാഗ്യം, അതിന്റെ പുരോഗമനം നമ്മുടെ പ്രശംസയ്ക്കു നിദാനം, അതിന്റെ വിജയം നമ്മുടെ അഭിമാനം, എന്നിത്യാദി ആശയങ്ങൾ ഉൾക്കൊള്ളുന്ന അവരുടെ സന്ദേശങ്ങൾ ശ്രോതാക്കൾക്കു ഒരു നവപ്രചോദനം നല്കി.

വേദപുസ്തകസമൂഹത്തോടു ദീർഘകാലബന്ധം പുലർത്തിക്കൊണ്ടു വരുന്ന അദ്ധ്യക്ഷൻ തിരുമേനി കേരള ഓക്സിലറി ഉൽഘാടനം ചെയ്വാൻ ലഭിച്ച അവസരം ഒരു പദവിയായി കരുതുകയും അതിന്റെ വളർച്ചക്കായി ഏവരുടെയും അകമഴിഞ്ഞ സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുകയും ചെയ്തുകൊണ്ടു തന്റെ പ്രസംഗം ഉപസംഹരിച്ചു.

പിന്നീടു വേദപുസ്തകസമൂഹത്തിന്റെ മദ്രാസ് സെക്രട്ടറിയായ മി. കൃഷ്ണസ്വാമി ഏവരോടുമുള്ള കൃതജ്ഞത പ്രകാശിപ്പിച്ചു. മിസ്സ് അന്ന ബഞ്ചമിന്റെ പ്രാർത്ഥനയ്ക്കുശേഷം മാർത്തോമ്മാവലിയതിരുമേനി ആശീർവ്വാദം പറഞ്ഞു യോഗം സമംഗളം പര്യവസാനിച്ചു.

ഇടയ്ക്കിടയ്ക്കു വേദപുസ്തകത്തിന്റെ മാഹാത്മ്യത്തെ പ്രകീർത്തിക്കുന്ന ഗാനങ്ങൾ മുഴങ്ങിക്കൊണ്ടിരുന്നതു ഏറ്റവും പ്രസാവയോഗ്യമാണ്.

യോഗാനന്തരം മാന്യസുഹൃത്തുക്കൾ തിരുമേനിമാരോടുകൂടെ ബൈബിൾഹൌസ് സന്ദർശിക്കുകയും പ്രതിനിധിപ്രാർത്ഥനയ്ക്കുശേഷം പിരിഞ്ഞുപോകുകയും ചെയ്തു.

പ്രതിദിനവേദവായനക്കുറിപ്പുകൾ—ജൂലായി 1956

ക്രമ. (ബു.) യോഹ. ക. ഖ—ഘ. ശ്രദ്ധേയങ്ങളായ രണ്ടു സംഗതികൾ. (1) മരവിച്ച മതാനുഷ്ഠാനങ്ങളിൽ മുഴുകിയിരുന്ന യെഹൂദന്മാരുടെ ഇടയിൽ യോഹന്നാൻസ്നാപകന്റെ പ്രസംഗങ്ങൾകൊണ്ടു തിരുകവും ഇളകവും ഉളവായി. (2) അവരുടെ ശ്രദ്ധയെ ക്രിസ്തുവിങ്കലേക്കു ആകർഷിച്ചു. ആ ദിവസംതന്നെ മൂന്നുപേർ ക്രിസ്തുവിനെ അനുഗമിച്ചതായും വായിക്കുന്നു. ക്രിസ്ത്യാനിയുടെ ജീവിതവും അനുഭവവും ക്രിസ്തേതരുടെ ഇടയിൽ തിരുകങ്ങുണ്ടാകേണ്ടതല്ലയോ? അവരുടെ ശ്രദ്ധയെ ആകർഷിക്കേണ്ടതല്ലയോ?

ക്രമ. (വ്യാ.) യോഹ. ക. ങ—ഛ. സാക്ഷാൽ യിസ്രായേല്യൻ എന്നു പറയപ്പെടത്തക്കവണ്ണം നഥനയേലിനു എന്തു വിശേഷതയാണുണ്ടായിരുന്നതു? പീലിപ്പോസിനെപ്പോലെ അവൻ തിരുവചനം ശോധന ചെയ്യുമായിരുന്നു (ങ വാ). തുറന്ന മനസ്സു (പരമാർത്ഥഹൃദയം)മുള്ളവനായിരുന്നു (ങു വാ). അത്തിയുടെ ചുവടു ധ്യാനത്തിനും പ്രാർത്ഥനയ്ക്കുമായി അവൻ ഉപയോഗപ്പെടുത്തി (ങവ വാ). മൈവത്തെ കാണുവാൻ അടുത്തു ചെല്ലുന്നവനെ മൈവം കാണുന്നുണ്ടു. നഥനയേൽ ക്രിസ്തുവിനെ കണ്ടെത്തിയതു ആത്മയുമല്ല. അവന്റെ മഹതകരമായ ഭാവിയെക്കുറിച്ചുള്ള ഒരു വാഗ്ദത്തം അതിനാൽ ക്രിസ്തുവിൽനിന്നു അവൻ പ്രാപിച്ചു.

ക്രമ. (വെ.) യോഹ. ഗ. ക—ക. 'യേശുവിന്റെ അമ്മ അവിടെയുണ്ടായിരുന്നു' (ക വാ). എഴുത്തുകാരൻ ഈ വസ്തുത വിശേഷാൽ എടുത്തു പറയുന്നു. അവളുടെ അവിടത്തെ സാന്നിദ്ധ്യത്തിനു ഒരു പ്രത്യേകത ഉണ്ടായിരുന്നു. വിരുന്നിനു നേരിടാമായിരുന്ന അമംഗളാവസ്ഥ നീക്കിയതിനു കാരണക്കാരി ക്രിസ്തുവിന്റെ അമ്മയായിരുന്നു. വീഞ്ഞുപോരായെന്നു വിരുന്നുവാഴിയെക്കാൾ മുന്നമേ അവൾ അറിഞ്ഞു. കാരണം അവൾ സേവനസന്നദ്ധയായി ശുശ്രൂഷകരോടുകൂടെയുണ്ടായിരുന്നു. സേവനം ക്രിസ്ത്യാനിയുടെ ഒരു വിശേഷഗുണമായിരിക്കണം. 'അവൻ നിങ്ങളോടു.....അതു ചെയ്യിൻ' (ക വാ). അതു അവളുടെ പ്രമാണമായിരുന്നതുകൊണ്ടു അവൾ അങ്ങനെ പറഞ്ഞു. അത്ഭുതകരമായി പ്രവർത്തിച്ചു കാണാനുള്ള വഴി അനുസരണമാണു. മൈവഹിതത്തിനു അനുസരണമുള്ളവരായിരിക്കും.

ക്രമ. (ശ.) യോഹ. ഘ. ക്രമ—ഛ. കർത്താവു ബലപ്രയോഗത്തിനു മുതിർന്നു (ക്രമ—ക്രമ വാ). ഏന്നു കാണിക്കാൻ ഈ സംഭവം ഉയർത്തിക്കാണിക്കുന്നവർ ഉണ്ടു. ഈ പ്രവൃത്തിയിൽ കർത്താവിന്റെ ആന്തരവും ലക്ഷ്യവും അതിപാവനമായിരുന്നു എന്നു ഓർത്തിരിക്കേണ്ടതാണു. മനുഷ്യരുടെ ഭാഗത്തുനിന്നുള്ള ബലപ്രയോഗത്തിന്റെ പിൻപിലുള്ള ആന്തരവും ലക്ഷ്യവും ഇതുത്തോളം വിശുദ്ധമായിരിക്കുമോ? ചമ്മട്ടിയുമായി നീട്ടിയ കൈക്കു നേരെ ഏതുകൈ നീട്ടപ്പെട്ടില്ല. അഴിമതിക്കാരെ പുറത്താക്കി. ലോകത്തോടെതിരിട്ടന്ന ശത്രുവും വിശുദ്ധവുമായ പ്രവൃത്തിയോടു എതുക്കാൻ ലോകശക്തിക്കു കഴിയുകയില്ല. അലക്സാണ്ടറിന്റെയും, നെപ്പോളിയന്റെയും, ഹിറ്റ്ലറിന്റെയും സാമ്രാജ്യങ്ങൾ തകർന്നുപോയി. ക്രിസ്തുവിന്റെ രാജ്യം തകരുകയില്ലെന്നുള്ളതാണു ക്രിസ്ത്യാനിയെ ധൈര്യപ്പെടുത്തുന്ന വസ്തുത.

ക്രമ. (ഞാ.) യോഹ. ങ. ക—ക്രമ. (1) 'മൈവം തന്നോടുകൂടെ ഇല്ലെങ്കിൽ...' (ഛ വാ) എന്നു നിക്കൊദേമോസിന്റെ അഭിപ്രായത്തെ കർത്താവു നിഷേധിച്ചില്ല. ഇതു ഒരു പരമാർത്ഥം തന്നെ. മൈവം കൂടെയിരുന്നു പ്രവർത്തിപ്പിക്കാത്തവ പ്രയോജനരഹിതവും അപജയവുമായിപ്പോകുകതന്നെ ചെയ്യും. (2) മൈവം കൂടെയുണ്ടായിരിക്കണമെങ്കിൽ വെള്ളത്താലും ആത്മാവിനാലും ജനിക്കണം. വെള്ളത്താലുള്ള ജനനം എന്നതു മനുഷ്യന്റെ ബാഹ്യകായ്മയിലുള്ള വ്യത്യാസവും ആത്മാവിനാലുള്ള ജനനം ബാഹ്യകായ്മയിലുള്ള മാറ്റത്തിനും കാരണമായ ആന്തരികമാറ്റവുമാകുന്നു. (3) പുതുജീവിതം പരിശുദ്ധാത്മാവിന്റെ പ്രവർത്തനഫലമാകുന്നു.

ക്രമ. (തി.) യോഹ. ങ. ക്രമ—ക്രമ. നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതത്രെ രക്ഷ. ഇഹത്തിലും തുടർന്നു പരത്തിലും കർത്താവായ യേശുക്രിസ്തുവുമായുള്ള നിര

അന്തരസംസർഗ്ഗത്തിനുള്ള ഉറപ്പും ധൈര്യവും ഉണ്ടാകുന്നതത്രെ രക്ഷ. ന്യായവിധി എന്നതോ (ഹൻ വാ)? വെളിച്ചമാകുന്ന ക്രിസ്തുവിനെ നിഷേധിക്കുന്നതു തന്നെ. ഇതിനെ തുടർന്ന ഇതിന്റെ ഫലമായി പരത്തിൽ ക്രിസ്തുവിൽനിന്നു അന്യപ്പെട്ട കഴിയുമെന്നുള്ളതും ന്യായവിധി തന്നെ.

ഹുങ്ക. (ചൊ.) യോഹ. നു. ൬൫—നൂനു. മാനസാന്തരത്തിലേക്കുള്ള സ്നാനം ക്രിസ്തുവും മറെറാരിടത്തു നിവ്വഹിക്കുന്നു എന്നു റിപ്പോർട്ട യോഹന്നാൻസ്നാപകനെ സന്തോഷിപ്പിത്തനാക്കി. കാരണങ്ങൾ (1) സ്വർഗ്ഗത്തിൽനിന്നു കിട്ടിയതനുസരിച്ചു കത്താവു ചെയ്യു (൩൨ വാ). തന്റെ പ്രവർത്തനലക്ഷ്യത്തിനു പ്രതികൂലമായിവരാത്തതെല്ലാം തനിക്ക അനുകൂലമെന്നു കാണുവാനുള്ള കണ്ണു അവനുണ്ടായിരുന്നു. (2) താൻ ആരംഭിച്ചതിനെ പൂരിപ്പിച്ചു വികസിപ്പിച്ചു വളർത്തുന്നവൻ വളരേണ്ടതാകുന്നുവെന്നു സ്നാപകനു അറിയാമായിരുന്നു. ആത്മപരിത്യാഗിക്കു താൻ കുറയുന്നതും മറെറാരുത്തർ വളരുന്നതുമാണു സന്തോഷം. (3) ക്രിസ്തു സ്വർഗ്ഗത്തിൽനിന്നു വന്നവനാണെന്നുള്ള നിശ്ചയം സ്നാപകനുണ്ടായിരുന്നു. സ്നാപകൻ ഒരു സത്യക്രിസ്ത്യാനിക്കു മാതൃകയാണു.

ഹുങ്ക. (ബു.) യോഹ. ൩. ൧—൪൨. കുടിച്ചു ക്ഷീണംതീർന്നിട്ടു നിത്യജീവനുകുലേക്കു പൊങ്ങിവരുന്ന നീരുറവയെക്കുറിച്ചു സ്ത്രീയോടു സംസാരിക്കാമെന്നു കത്താവു വിചാരിച്ചില്ല. ആത്മാക്കളുടെ രക്ഷ ചിലമതിക്കുന്നവൻ ഭക്ഷണവും പാനീയവും കാര്യമാക്കുകയില്ല. 'ഇനി വെള്ളം കുടിക്കുന്നവനെല്ലാം പിന്നെയും ദാഹിക്കും. ഭൌതികമായവ ക്ഷണികങ്ങളത്രെ. ക്രിസ്തുമൂലമുള്ള ദൈവസംസർഗ്ഗവും അതിന്റെ ഗുണഫലങ്ങളും നിത്യമിതവും നിലനില്ക്കുന്നതുമാകുന്നു. അനുഭവിച്ചിട്ടു മറെറാരുത്തരെക്കുടെ ഈ അനുഭവത്തിലേക്കു കൊണ്ടുവരുവാൻ കഴിയുന്നതുമാകുന്നു.

ഹൻനു. (വ്യാ.) യോഹ. ൮. ൨൪—നൂറു. 'ഞാൻ തന്നെ മശീഹാ' (൨൬ വാ) എന്നു കത്താവു പ്രസ്താവിച്ചു. വിഭ്രമംകൊണ്ടും ഭോഷത്വംകൊണ്ടും താൻ ദൈവമാണെന്നു പറയുന്നവൻ മനുഷ്യരുടെ ഇടയിൽ കാണാനുണ്ട. താൻ മശീഹായാണെന്നു പ്രവർത്തിയാൽ തെളിയിച്ചുവെന്നു ഈ ഭാഗത്തുനിന്നു മനസ്സിലാകുന്നുണ്ട. (1) മശീഹാ പ്രവാചകരിൽ മികച്ചവനായിരിക്കുമെന്നു യെഹൂദന്മാരെപ്പോലെ ശമര്യരും വിചാരിച്ചിരുന്നു. ശമര്യക്കാരത്തിയുടെ രഹസ്യജീവിതം വെളിപ്പെടുത്തിയതിനാൽ ഒരു മഹാപ്രവാചകനെന്നു തെളിയിച്ചു (൧൭, ഹൻ, നൂൻ). (2) മശീഹാ ഒരു ഗുരുവായിരിക്കുമെന്നു യെഹൂദമതവിശ്വാസികൾ കരുതിയിരുന്നു. 'അവൻ വരുമ്പോൾ സകലവും അറിയിച്ചു തരും' (൨൫ വാ) എന്നു അവർ ഉറച്ചിരുന്നു. ഒരു ശ്രേഷ്ഠ ഗുരുവും ഒരിക്കലും പഠിപ്പിച്ചിട്ടില്ലാത്ത നിതൃസത്യങ്ങൾ ക്രിസ്തു പഠിപ്പിച്ചു (൨൬ വാ). അനുഭവത്തിൽ വരുത്തിയിട്ടു ഉപദേശിക്കുന്നവർ വളരെ ചുരുക്കമാണല്ലോ!

൫നു. (വെ.) യോഹ. ൬. ൫൮—൬൨. ഒരു ക്രിസ്ത്യാനിയുടെ ഏറെറവും വലിയ ജീവിതനയം എന്തായിരിക്കണം? ക്രിസ്തുവിന്റെ നയം തന്നെയായിരിക്കണം. (നൂ൬) ദൈവഷ്ടമെന്തന്നറിഞ്ഞു അതിനനുസരണമായി പ്രവർത്തിക്കുക. ഇങ്ങനെയുള്ളവർക്ക മാത്രമെ രക്ഷിക്കപ്പെടുവാനോ മനുഷ്യരെ രക്ഷയിലേക്കു നടത്തുവാനോ കഴിയുകയുള്ളൂ. കാലാകാലങ്ങളായി മനുഷ്യരെ ദൈവത്തോടു അടുപ്പിക്കുന്നതിനായി ദൈവനിയോഗത്താൽ നടന്നുകൊണ്ടിരുന്ന പ്രവർത്തനത്തെ പൂരിപ്പിക്കുന്നതിനായി താൻ മനുഷ്യനായി പിറന്നു എന്നു കത്താവു കരുതി (നൂ൭ വാ). ആയിരമായിരങ്ങളുടെ അജ്ഞാനത്തിന്റെ അനന്തരഫലമായ രക്ഷാമാർഗ്ഗത്തെ കത്താവു വെളിപ്പെടുത്തി. വിത നടന്നുകൊണ്ടിരുന്നു (നൂ൮ വാ). കൊയ്ത്തു ആരംഭിക്കയാണു കത്താവു ചെയ്യുന്നു. കത്താവിനെ മാതൃകയാക്കി രക്ഷാമാർഗ്ഗത്തെ അറിയിക്കയാണു അവനെ പിൻതുടരുന്നവർ ചെയ്യേണ്ടതു. ശമര്യസ്ത്രീയുടെ സാക്ഷ്യത്താൽ അനേകർ രക്ഷയുടെ വഴിയിലേക്കു തിരിഞ്ഞു. (നൂ൯—൪൨).

൬ഹുങ്ക. (ശ.) യോഹ. ൪. ൪൬—൫൪. രാജഭൃത്യന്റെ വിശ്വാസത്താൽ മകനെ മരണവക്ത്രത്തിൽനിന്നു കത്താവു വിടുവിച്ചു. ചുമന്നുകൊണ്ടുചെന്നവരുടെ വിശ്വാസം കണ്ടു കത്താവു പക്ഷവാതക്കാരനെ സൌഖ്യമാക്കി (മത്താ. ൯. ൬). രോഗിയോടു സംസർഗ്ഗത്തിൽ

ജീവിക്കുന്നവരുടെ വിശ്വാസത്താലും കർത്താവു രോഗികളെ സൌഖ്യമാക്കിയിട്ടുണ്ടു എന്നോർക്ക. മറ്റുള്ളവരുടെ ആത്മരക്ഷയ്ക്കു മാത്രമല്ല അവരുടെ രോഗശാന്തിക്കും നാം മദ്ധ്യാന്തരക്കാരാകയാൽ നമ്മുടെ ഉത്തരവാദിത്വം എത്ര വലുതു! "പൈതൽ മരിക്കുമ്മുൻപേ വരേണമേ" എന്ന വിശ്വാസത്തെക്കുറിച്ചുള്ള ക്രിസ്തുവിന്റെ പരാമർശങ്ങൾക്കു ചെവികൊടുക്കാതെതന്നെ രാജഭൃത്യൻ യാചിക്കുന്നു. അവന്റെ വിശ്വാസം എത്ര വലുതു. തികഞ്ഞ വിശ്വാസം ഉണ്ടെങ്കിൽ എത്ര വൻകാര്യങ്ങൾ നാം സാധിക്കുമായിരുന്നു.

൬൯൰. (ഞാ.) യോഹ. ൫. ൫—൧൫. നൂറ്റു സംവത്സരം രോഗിയായിരുന്നവനെ സൌഖ്യമാക്കിയതിൽ നിന്നു മൂന്നു പാഠങ്ങൾ. (1) ഏതു രോഗത്തിനും പ്രധാന കാരണം പാപമാണെന്നു (൫൧ വാ). ആദ്യം വൈദ്യനെ അന്വേഷിക്കയല്ല ദൈവവുമായി നിരപ്പു പ്രാപിക്കയാണു രോഗി ചെയ്യേണ്ടതു. (2) കർത്താവിനു കീഴ്വഴങ്ങുന്നവനെ സഹായിപ്പാൻ അവൻ സദാ സന്നദ്ധനാണെന്നു (൯ വാ). (3) രോഗശാന്തിയോ പാപക്ഷമയോ കർത്താവു നല്കുന്നതോടുകൂടെ രോഗവും പാപവും കൂടാതെ ജീവിപ്പാനുള്ള ശക്തിയും അവൻ പ്രദാനം ചെയ്യുന്നു. ബഥെസയിലാകുലുകയിലെ രോഗി എല്ലാ കഴിവുകളും തൽക്ഷണം പ്രാപിച്ചു. (4) ക്രിസ്തുവിനുവേണ്ടി പ്രവർത്തിക്കുന്നവനോടു കൂടിയും അവന്റെ ശക്തിയും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ടു. പ്രസംഗിക്കുന്നവനോടുകൂടെ പ്രസംഗം ഫലിപ്പിക്കുന്നതിനായി കർത്താവിന്റെ ആത്മാവും പ്രവർത്തിച്ചുകൊണ്ടിരിക്കയാണു.

൬൯൱൰. (തി.) യോഹ. ൫. ൫൯—൬൰. ദൈവത്തിന്റെ പുത്രനാണു താൻ എന്നു ക്രിസ്തു തന്നെ പ്രഖ്യാപിച്ചു. തനിക്കു ചില അധികാരാവകാശങ്ങൾ ഉള്ളതായും ക്രിസ്തു അവകാശപ്പെട്ടു. (1) ജീവൻ കൊടുപ്പാനുള്ള അധികാരം തനിക്കുണ്ടെന്നു. (2) ജീവൻ കൊടുക്കുന്നതിനുള്ള മദ്ധ്യാന്തരം മാത്രമല്ല തന്നിൽത്തന്നെ ആ ജീവൻ ഉണ്ടെന്നു. ജീവൻ കൊടുപ്പാനും എടുക്കാനുമുള്ള അധികാരമുണ്ടെന്നു. (3) ന്യായവിധിക്കുള്ള അധികാരം കർത്താവിനുണ്ടെന്നു. ൬൫—൬൰ വരെയുള്ള വാക്യങ്ങളിൽ നിത്യജീവൻ എന്നതു ക്രിസ്തു മദ്ധ്യാന്തരം ദൈവത്തോടു ഐക്യപ്പെട്ടുള്ള ജീവിതമാണെന്നും അതു ഇഹത്തിൽവച്ചു തന്നെ അനുഭവപ്പെട്ട മരണാനന്തരം സമ്പൂർണ്ണതയിലേക്കു എത്തുപെടുന്നതാണെന്നും മനസ്സിലാക്കാം. കർത്താവിനെ വഹിച്ചുകൊണ്ടുള്ള ജീവിതമഹിമ എത്ര അത്ഭുതകരമാകുന്നുവെന്നു ഓർക്കുക.

൬൯൲൰. (ചൊ) യോഹ. ൫. ൫൰—൬൯. ക്രിസ്തു ദൈവത്തിന്റെ പുത്രനാണെന്നുള്ള സാക്ഷ്യം എന്താണെന്നു ക്രിസ്തു വെളിപ്പെടുത്തുന്നു. (1) പിതാവായ ദൈവത്തിന്റെ സാക്ഷ്യം (൩-ാം അ. ൬൨) ക്രിസ്തുയേശുവിന്റെ വാക്കുകൾ സത്യമാണെന്നു യേശുവിന്റെ അന്തരംഗത്തിലും കേൾവിക്കാരുടെ മനസ്സാക്ഷിയിലും ഉള്ള ദൃഢബോധ്യം പിതാവായ ദൈവത്തിന്റെ സാക്ഷ്യമത്രെ. (2) ക്രിസ്തുവിന്റെ പ്രവർത്തികളും അവൻ നിവർത്തിച്ച ശുശ്രൂഷകളും എല്ലാറ്റിലും വലിയ സാക്ഷ്യമത്രെ (൩-ാം അ. ൬൬). (3) "ഇവൻ എന്റെ പ്രിയപുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്ന ബപ്തീസ്മ സമയത്തുള്ള സ്വർഗ്ഗത്തിൽനിന്നുണ്ടായ ശബ്ദം മറ്റൊരു സാക്ഷ്യമത്രെ. (4) മോശെയും മറ്റു പ്രവാചകന്മാരും ക്രിസ്തുവിനെക്കുറിച്ചു പറഞ്ഞിരിക്കുന്നതും ഒരു വലിയ സാക്ഷ്യമത്രെ. ഒരു ക്രിസ്ത്യാനിയും സാക്ഷ്യം കൊള്ളപ്പെട്ടവനായിരിക്കണം.

൬൯൳൰. (ബു.) യോഹ. ൬. ൫—൧൫. മനുഷ്യനെ തീററി പുലർത്തുന്നതു ദൈവമാണെന്നുള്ളതിനു സദൃശമാണു കർത്താവു ചെയ്ത ഈ അതിശയം. ആവശ്യപ്പെട്ടിട്ടല്ല കർത്താവു അവർക്കു ഭക്ഷിപ്പാൻ കൊടുത്തതു. ശിഷ്യന്മാരെ തരംതിരിച്ചു അവർക്കായി മാത്രവുമല്ല ഭക്ഷിപ്പാൻ ക്രിസ്തു കൊടുത്തതു. മനുഷ്യന്റെ ഭൌതികാവശ്യങ്ങൾ സാധാരണയായി തരംതിരിവു കൂടാതെ സൃഷ്ടിതാവു കൊടുക്കുന്നു. ഉണ്മാനും ഉടുപ്പാനുമുള്ളതു സൃഷ്ടിതാവിന്റെ മാനമാകുന്നവല്ലോ. ദൈവത്തോടു നന്ദിയില്ലാതെ ജീവിക്കുന്നതു ഒഴിവുകഴിവുകൂടാതെ ശിക്ഷാർഹമാകുന്നു. അഞ്ചു അപ്പത്തെ വർദ്ധിപ്പിച്ചു അയ്യായിരത്തിനു മതിയാവുന്നവയാക്കി. ഇതു ക്ഷണനേരത്തെയല്ലെങ്കിലും പ്രകൃതിയിലെ നിയമപരിധിക്കുള്ളിൽക്കൂടി വളരുകയും വർദ്ധിക്കയും ചെയ്യുന്നതു ദൈവത്തിന്റെ സൃഷ്ടിവേലയാണെന്നു ഗ്രഹിക്കേണ്ടതാകുന്നു.

൬൯൴൰. (വ്യാ.) യോഹ. ൬. ൧൬—൨൧. കടൽ കോപിച്ചു. യേശു കൂടെയില്ല. എ

കിലും ശിക്ഷ്യന്മാർക്ക് സംഭവിക്കാവുന്നതിനെക്കുറിച്ചു ശ്രദ്ധാലുവായിരുന്നു. ഒരൊക്കൂസമയത്തു അവൻ വന്നുചേർന്നു. ക്രിസ്തുവിനെ പിൻപറ്റുന്ന ഏല്ലാരോടും അവൻ ഇപ്പോഴും പറയുന്നു. വൈരുദ്ധ്യമതായ അവൻ അടുക്കൽ ഉണ്ടായിരിക്കും. 'യേശു കടന്നിരുന്നു' ശിക്ഷ്യന്മാരോടു സമീപിച്ചു. അതിശയകരമായും നമ്മുടെ ബുദ്ധിക്ക അപ്രാപ്തമായും ഉള്ള വഴിയിലൂടെ അവൻ നമ്മുടെ സഹായത്തിനു എത്തുന്നവനാകുന്നു. അനേകം വിശ്വാസികളുടെ അനുഭവസാക്ഷ്യം അതിനു തെളിവുതരുന്നു. പത്രോസിനെ യെരുശലേമിലെ കാരാഗൃഹത്തിൽ നിന്നു വിടുവിച്ചതു അത്ഭുതമായ വഴിയിലൂടെയല്ലേ? ഫിലിപ്പിയയിലെ കാരാഗൃഹത്തിൽനിന്നു പൌലൊസിനെ ഇറക്കിയതും അപ്രകാരമല്ലേ?

൨൭൯. (ഫെ.) യോഹ. ൩. ൨൪—൩൦. ദൈവത്തിനു പ്രസാദമുള്ള പ്രവൃത്തിയെന്തെന്നു ചോദിച്ചു മനസ്സു മുട്ടുന്നവർ ഉണ്ട് (൬൯ ൨൯). അതിനു മറുപടിയാണു. ഏറ്റവും ദൈവപ്രസാദമുള്ള പ്രവൃത്തി ക്രിസ്തുവിൽ വിശ്വസിക്കുന്നതാകുന്നു. കാരണം രക്ഷിക്കപ്പെടുന്നതിനുള്ള ആദ്യത്തെ പ്രവൃത്തി വിശ്വസിക്കയാകുന്നു. വിശ്വാസം ജീവങ്കലേക്കു വഴി നടത്തുന്നു. കർത്താവു ജീവന്റെ അപ്പമാകുന്നു (൬൩—൩൫ ൨൯). ശരീരം ആഹാരത്താൽ ബലപ്പെടുന്നതുപോലെ യഥാർത്ഥമനുഷ്യത്വം പ്രാപിക്കുന്നതിനുള്ള ആഹാരം ക്രിസ്തുവാകുന്നു. മനുഷ്യന്റെ ഉത്തമതാല്പര്യങ്ങൾ ആകമാനം ഉൾക്കൊള്ളുന്ന യഥാർത്ഥ മനുഷ്യത്വമാണു ക്രിസ്തുയേശുവിൽ ജീവൻ.

൨൭൰. (ശ.) യോഹ. ൬. ൫൫—൫൯. അവന്റെ മാംസം സാക്ഷാൽ ഭക്ഷണവും അവന്റെ രക്തം സാക്ഷാൽ പാനീയവുമാകുന്നതെങ്ങനെ? (1) കർത്താവിന്റെ വചനം മനുഷ്യനെ ദൈവത്തിങ്കലേക്കു നടത്തുന്നതിനാൽ (൩൮ ൨൯). (2) മനം തിരിഞ്ഞവൻ വിശ്വാസത്താൽ ക്രിസ്തുവിന്റെ മഹത്വീകരിക്കപ്പെട്ടതായ മനുഷ്യത്വത്തോടു ഐക്യപ്പെടുന്നതിനാൽ. (3) കർത്താവിന്റെ ക്രൂശുമരണത്തിലെ പുണ്യത്തിലുള്ള പങ്കാളിത്തം പ്രാപിക്കുന്നതിനാൽ (൫൫ ൨൯). (4) ഈ മൂന്നുവിധത്തിലും കർത്താവിനെ വിശ്വാസിയുടെ അനുഭവത്തിന്റെ പൂർണ്ണതയിലേക്കു വളർത്തുന്നതിനു തിരുവത്താഴം ആചരിക്കുന്നതിനാൽ.

൨൮൦. (ഞാ.) യോഹ. ൬. ൬൩—൬൫. കർത്താവിന്റെ മാംസം ഭക്ഷിക്കയും അവന്റെ രക്തം കുടിക്കയും ചെയ്യുന്നതിന്റെ ഫലമെന്താണു; (1) ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ മഹത്വീകരിക്കപ്പെട്ട ശരീരത്തോടു വിശ്വാസി ഐക്യപ്പെട്ട് ആത്മിക മഹത്വം പ്രാപിക്കുന്നു. ഒടുവിൽ കർത്താവിന്റെ മഹത്വീകരിക്കപ്പെട്ട ശരീരത്തിനനുരൂപമായ ആത്മിക ശരീരം പ്രാപിക്കുന്നു (൫൪ ൨൯). ഈ പദവി ഞാൻ പ്രാപിക്കേണ്ടതല്ലേ? (2) 'നീ ദൈവത്തിന്റെ... പറഞ്ഞു' (൬൯ ൨൯). ക്രിസ്തുവിനെ പാപരഹിതമായിട്ടാണ് ശിക്ഷ്യന്മാർ കാണുന്നതു എന്നാണതിന്റെ അർത്ഥം. സാക്ഷാൽ ഭക്ഷണവും സാക്ഷാൽ പാനീയവുമാകുന്ന കർത്താവിന്റെ മാംസരക്തങ്ങൾ ആഹരിക്കുന്നതിനാൽ ക്രിസ്തുവിനെപ്പോലെ പരിശുദ്ധനായി (വിശുദ്ധനായി) തീരുന്നു. പാപത്താൽ അശുദ്ധമാകാതെ ജീവിപ്പാൻ ഇടയാകുന്നു.

൨൮൧. (തി.) യോഹ. ൭. ൧—൧൩. 'എന്റെ സമയം.....വന്നിട്ടില്ല' (൭ വാ) യേശുക്രിസ്തുവിനു സ്വന്തകാലങ്ങളും സമയങ്ങളും ഉണ്ടായിരുന്നു. ദൈവരാജ്യപ്രസിദ്ധീകരണത്തിനും കാലവും സമയവും നോക്കേണ്ടതുണ്ട്. പ്രവർത്തിക്കേണ്ട സമയത്തു പ്രവർത്തിച്ചാൽ രാജ്യങ്ങളും ഭരണകൂടങ്ങളും ക്രിസ്തുവിനു അധീനമാകും. കൊയ്ത്തിനു വെളുത്തിരിക്കുന്ന കാലവും അല്ലാത്തതും ഉണ്ടു. ക്രൂശുമരണം വരിച്ച കർത്താവു ക്രൂശിക്കപ്പെടാനായി ജീവിച്ചില്ല (൭—൧൩ വാ). സാഹചര്യങ്ങളുടെ സമ്മർദ്ദം (ലോകത്തിന്റെ വങ്കുതപം) കർത്താവിനെ ക്രൂശിലേക്കു വലിച്ചു മരണം ഏറ്റുപിച്ചുതാണെന്നു ചിന്തിക്കാം ക്രൂശുമരണത്തിന്റെ മാഹാത്മ്യം അതിനാൽ വെളിപ്പെടുന്നു.

൨൮൨. (ചൊ.) യോഹ. ൭. ൧൪—൨൪. 'വിദ്യാഭ്യാസം 'ചെയ്യാത്ത.....എങ്ങനെ' (൧൫ വാ). കർത്താവു വിദ്യാസമ്പന്നനല്ലായിരുന്നുവെന്നു കാണുന്നു. പക്ഷെ മനുഷ്യരാശിക്കു ചേർന്ന് അടിസ്ഥാനപരവും ആത്മരക്ഷാപരവുമായ സത്യങ്ങൾ അവനിൽനിന്നല്ലാതെ ആരും ഇതുവരെ കേട്ടിട്ടില്ല. സഭ്യമായ ജ്ഞാനമാണു സാക്ഷാൽ ജ്ഞാനം അതാണു സകലത്തിന്റെ

യും അടിസ്ഥാനം. ആരിലുള്ളത്തെ ഭൗമികം കഥയില്ലാത്തതാകുന്നു. സ്വന്ത മഹത്വം അന്വേഷിക്കുന്നതു അസത്യവും നീതികേടുമാണു. സ്വാർത്ഥതയാണു സകല പാപങ്ങൾക്കും അടിസ്ഥാനം. രാഷ്ട്രങ്ങളെ തമ്മിൽ ഭിന്നിപ്പിക്കുന്നതും സ്വാർത്ഥം തന്നെ. സകല പ്രശ്നങ്ങൾക്കും പരിഹാരം ക്രിസ്തുവിന്റെ ആത്മപരിത്യാഗജീവിതത്തിലേക്കു ലോകം വരികയെന്നുള്ളതാകുന്നു.

ആഗസ്റ്റ്. മനു. (ബു.) യോഹ. ൭. ൫൭—൫൯. ഭീരുത്വം കൊണ്ടല്ല അവസരം ഏതെന്നു കർത്താവു നോക്കുമായിരുന്നതു. പ്രയോജനകൃത്യവാണു. ഇപ്പോൾ കർത്താവു ധൈര്യമായി ഒരു തീരുമാനത്തിനായിട്ടു ജനത്തെ പരസ്യമായി ക്ഷണിക്കുന്നു. അനേകർ അവനിൽ വിശ്വസിച്ചു (൩൧—൩൬ വാ). 'നിങ്ങൾ എന്നെ.....താനും" (൩൭ വാ) അവസരം ആരും നഷ്ടപ്പെടുത്തിക്കൂടായെന്നു മാർഗ്ഗണം. വിശ്വാസസ്ഥിതിൽ കർത്താവിനെ അനുഭവിക്കും. അപ്പോൾ അവനെ കണ്ടുകിട്ടിയില്ലെന്നുവരും.

മനു. (വ്യാ.) യോഹ. ൭. ൩൭—൩൯. സ്വർഗ്ഗീയജീവൻ കർത്താവിൽ നിന്നെന്നപോലെ അവനെ പിൻപറ്റി അവനെപ്പോലെ ജീവിക്കുന്നവരിൽനിന്നു ജീവജലനദി ഒഴുകും (൩൮ വാ). ഒരു ക്രിസ്ത്യാനി ഭൗമികരുടെ ഇടയിൽ എത്ര വലിയ സ്വാധീനം ചെലുത്തുന്നവനായിരിക്കുമെന്നു ഈ മൊഴി വ്യക്തമാക്കുന്നു. "ആത്മാവു വന്നിട്ടില്ലായിരുന്നു" (൩൯ വാ). ഉയിർത്തെഴുന്നേറ്റു മഹത്വീകരിക്കപ്പെട്ട ശരീരവാനായ ക്രിസ്തുവിനോടു ഐക്യപ്പെടുന്ന വിശ്വാസിക്കു ലഭിക്കുന്ന ആത്മികശക്തിയെക്കുറിച്ചുതന്നെ ഇവിടെ സൂചിപ്പിച്ചിരിക്കുന്നതു. സാധാരണഗതിയിൽ ഭൂതലത്തിൽ വ്യാപരിക്കുന്ന ആത്മാവിന്റെ വ്യാപാരവും ക്രിസ്തുവിനെ ആശ്രയപരമായി സമ്പർക്കം ചെയ്തു പ്രാപിക്കുന്ന ആത്മാവുമായി വ്യത്യാസമുണ്ടു. ക്രിസ്തുമൂലം ലഭിക്കുന്ന ആത്മാഭിഷേകം പരിശുദ്ധാത്മശക്തിയെന്നു വേർതിരിച്ചു ഗ്രഹിക്കേണ്ടിയിരിക്കുന്നു. വിശ്വാസികൾക്കായുള്ള വിശേഷാൽ ശക്തിയാകുന്നു അതു.

൩൰. (വെ.) യോഹ. ൭. ൪൰—൫൰. പാപത്തിൽ പിടിക്കപ്പെട്ട സ്ത്രീയുടെ കാര്യത്തിൽ (൮—൧൧ വാ) കർത്താവു വിധിച്ചതു തികച്ചും ആശ്ചര്യമായ മന്നാകുന്നു. അതു സ്ത്രീയോടായ വിധിയായിരുന്നു. പാപി ഇനി പാപം ചെയ്യരുതെന്നുള്ള മാത്രമാകുന്ന സ്നേഹവാനായ ദൈവത്തിന്റെ മനുഷ്യരോടുള്ള ഭാവം. അനുതാപം മാനസാന്തരം എന്നിത്യാദികളെല്ലാം പാപം വിട്ടു ജീവിക്കാനുള്ള പ്രാരംഭനടപടി മാത്രമാണു. "ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു" (൧൨ വാ). അന്ധതയാകുന്ന അജ്ഞതയും പാപവും നീക്കം ചെയ്യാനുള്ള വെളിച്ചം ക്രിസ്തുവത്രെ. ലോകത്തോടു ക്രിസ്ത്യാനിയുടെ സന്ദേശം ഈക്കാലത്തും ഇതുതന്നെ. സൂര്യോദയത്തിനായി കാംക്ഷിക്കുന്നതുപോലെ കൂരിരുട്ടുള്ളേടും രാഷ്ട്രങ്ങളും ക്രിസ്തുവിനെ കാംക്ഷിക്കുന്ന കാലത്തല്ലാതെ പ്രശ്നങ്ങൾക്കു പരിഹാരം കാണുകയില്ല.

൩൱. (ശ.) യോഹ. വ. ൨൧—൩൰. 'ഞാൻ.....നിനക്കുള്ളവനല്ല' (൩൩ വാ). മനുഷ്യാവതാരത്തിന്റെ ലക്ഷ്യം മനുഷ്യനെ സ്വർഗ്ഗീയനാക്കുകയെന്നുള്ളതാണ്. നാം ഭൗമികരെങ്കിലും ആത്മാവും ശരീരവും രൂപാന്തരം പ്രാപിച്ചു എക്കാലവും സ്വർഗ്ഗീയരായി ജീവിക്കാനുള്ള പദവിയിലേക്കു ക്രിസ്തു മനുഷ്യനെ ഉയർത്തുന്നു. "എന്നെ.....ഉണ്ടു" (൩൰ വാ). തന്നെ നിയോഗിച്ചവൻ കൂടെയുണ്ടെന്നുള്ള ബോധമാണ് ക്രിസ്തുവിൽ കണ്ട സ്ഥിരത, ധൈര്യം വിജയബോധം എന്നിത്യാദികളുടെ ഉത്ഭവസ്ഥാനം. ക്രിസ്തുവിനെ പിൻപറ്റുന്ന ക്രിസ്ത്യാനിയുടെയും പ്രത്യേകത ക്രിസ്തുവിൽകൂടി മൈവം അവനോടുകൂടെ ഉണ്ടെന്നുള്ളതാണ്. മതവിശ്വാസം പഠിപ്പിച്ചവൻ വിശ്വസിക്കുന്നവരോടുകൂടെയുള്ളവനായി കാണാൻ കഴിയുന്നതു ക്രിസ്തുവിനെ മാത്രമാണ്. മറെറാരു മതസ്ഥാപകനും ഇതു സാധിച്ചിട്ടില്ല.

൩൲. (ഞാ.) യോഹ. വ. ൩൧—൪൨. ക്രിസ്തുവിന്റെ വിലതീരാത്ത ഉപദേശങ്ങളാകുന്നവയല്ലോ ചില ദിവസങ്ങളായി വായിച്ചുകൊണ്ടിരിക്കുന്നതു. "സത്യം.....സ്വതന്ത്രരാക്കുകയും ചെയ്യും" (൩൨ വാ) എന്നുള്ള തത്വജ്ഞാനത്തിന്റെ അടുക്കലാറാവും പരിജ്ഞാനത്തിന്റെ പരമകാഷ്ഠയും ആകുന്നു. യഥാർത്ഥമായതിനോടു ഐക്യപ്പെട്ടാൽ ഭൗമികമായവയുടെ പിടിപാടു അയയുകയാണ് ചെയ്യുന്നതു. ആരു മുഖാന്തരം ലോകമുപായോ ആയവനെ അഭിമുഖമായി കണ്ടുകൊണ്ടു ജീവിച്ചാൽ ഭൗമികമായ ശകുനം, കണ്ണു, ലക്ഷണം

ആദിയായ മൂഢവിശ്വാസങ്ങളിലുള്ള ആശ്രയത്തിന്റെ ആവശ്യബോധം ഇല്ലാതാകുന്നു. ലോകത്തിന്റെ ഈവക ബന്ധനങ്ങളിൽനിന്നും അവൻ വിടുതൽ പ്രാപിക്കുന്നു. "ഞാനോ .....വിശ്വസിക്കുന്നില്ല" (൨൫ വാ). ഈ ആവലാധി ക്രിസ്തുവിന്റെ വായിൽ നിന്നു വന്നുവെങ്കിൽ നന്മ തിന്മയെന്നും തിന്മ നന്മയെന്നും പറയുന്ന അസത്യവാദികളെക്കുറിച്ചു നാം ആവലാധിപ്പെടേണ്ടതില്ല. അവരുടെ മുൻപിൽ നമ്മുടെ പ്രകാശം നഷ്ടപ്പെടാതെ ദൈവത്തിൽ ശരണപ്പെടുക മാത്രം ചെയ്യുക.

൩൩-. (തി.) യോഹ. വ. ൨൨—൩൯. താൻ ആരാണെന്നു വളരെ തെളിവായിയേശു തന്നെ പറയുന്ന ഭാഗമാണിതു്. കേൾവിക്കാർ കൂത്താടു പറഞ്ഞ അസാധാരണ മൊഴികളാൽ കുപിതരായി. എന്നാൽ അവർ വിചാരിക്കേണ്ടിയിരുന്നതു (1) എന്നെ കേട്ട ചെയ്യുന്നവൻ ഒരുനാളും മരണം ആസ്വദിക്കയില്ലെന്നു പറയുന്നതിൽ മരണമാകുന്ന ലോകപ്രശ്നത്തിനു പരിഹാരമാകയില്ലേ? (2) നിങ്ങളിൽ ആർ എന്നെ പാപത്തെക്കുറിച്ചു ബോധം വരുത്തും (൮൬ വാ) എന്നു പറഞ്ഞതിനെ തങ്ങൾക്കു നേരിടാൻ കഴിയുന്നില്ലല്ലോ എന്നു്. (3) സ്വന്ത മഹത്വം അന്വേഷിക്കാത്തവനു തങ്ങൾക്കു നല്കുവാൻ വല്ല ഗുണവും ഉണ്ടായിരിക്കുമോ എന്നു്.

൩൯-. (ചൊ.) യോഹ. ൯. ൧—൧൨. കുരുടനായി പിറന്നവൻ പാപത്തിന്റെ ഭയങ്കര ഫലത്തെ മനസ്സിലാക്കിത്തരുന്നു. അവനോ അവന്റെ അമ്മയപ്പന്മാരോ പാപം ചെയ്തിട്ടില്ലെങ്കിലും അന്യരുടെ പാപത്തിന്റെ ഫലം അവനും അനുഭവിച്ചു. മറ്റുള്ളവർക്കു വേണ്ടി. മറ്റുള്ളവർ പാപം ചെയ്തതിനാൽ അവരുടെ ഇടയിൽ ദൈവനാമം മഹത്വപ്പെടുവാനത്രെ അവൻ കുരുടനായി പിറന്നതു്. എന്റെ പാപം എനിക്കു തന്നെയല്ല മറ്റുള്ളവരും കൂടെയാണു് ഫലം അനുഭവിക്കേണ്ടിവരുന്നതു്.

൪൦-. (ബു.) യോഹ. ൯. ൧൩—൨൪. മരണഹേതുകമല്ലാത്ത രോഗത്തിനു കൂത്താടു ശബ്ബത്തിൽ ചികിത്സിച്ചു. യഹൂദന്മാരുടെ ദൃഷ്ടിയിൽ ഇതു വലിയ തെറ്റുതന്നെ. പിറവിയിലെ കുരുടനായവനു ശബ്ബത്തിൽ കാഴ്ച ലഭിച്ചതോ? കർമ്മാചാരങ്ങളുടെ ഭയങ്കരത! മനുഷ്യന്റെ അദ്ധ്യാത്മിക പ്രചോദനത്തിനായി മാത്രം കർമ്മാചാരങ്ങളെ നിലനിർത്തുകയല്ലാതെ കർമ്മാചാരങ്ങൾക്കായി മനുഷ്യൻ മതത്തെ ഉപയോഗപ്പെടുത്തിയാൽ ആയതു ദൈവദൃഷ്ടിയിൽ നിന്ദിതമത്രെ. "ദൈവത്തിനു മഹത്വം കൊടുക്കുക" (൨൪ വാ). കുരുടനു കാഴ്ച ലഭിച്ചതിനു ദൈവത്തിനു മഹത്വം കൊടുക്കുക എന്നു യഹൂദപ്രമാണികൾ പറയുന്നു. കാഴ്ച കൊടുത്തവനെ പാപിയെന്നും പറയുന്നു. സത്യത്തെ മറച്ചു അവർ പെരുമാറി. സത്യത്തെ തടുക്കുന്ന അനീതിക്കു നേരെ ദൈവകോപം സ്വർഗ്ഗത്തിൽ നിന്നു വെളിപ്പെടുമെന്നു അസത്യവാദികൾ ഓർക്കേണ്ടതാകുന്നു.

൪൧-. (വ്യാ.) യോഹ. ൯. ൩൮—൪൧. കാഴ്ച ലഭിച്ച കുരുടന്റെ ശക്തിയേറിയ അനുഭവസാക്ഷ്യം (൩൭—൩൮ വാ). അക്കരെ കാഴ്ച പ്രാപിച്ചവരെല്ലാം ഈ കുരുടനെ മാതൃകയാക്കി പ്രവർത്തിച്ചാൽ അക്രൈസ്തവലോകത്തിനു വന്നുകൂടുന്ന മാറ്റം എത്ര അത്ഭുതകരമായിരിക്കും. തങ്ങൾ പാപികളെന്നു യഹൂദപ്രമാണികൾക്കു വിചാരമുണ്ടായിരുന്നെങ്കിൽ പാപമാകുന്ന കുരുട്ടിൽനിന്നു വിടുതലിനു മാർഗ്ഗവുമുണ്ടായിരുന്നു. പാപികളാണെന്നുള്ള വിചാരമവർക്കില്ല. നല്ലവരാണെന്നു വിചാരിച്ചു നിഗളിക്കുന്നവർ മനംതിരിയുന്നതു അസാദ്ധ്യമാണ്.

൪൨-. (വെ.) യോഹ. ൯. ൪—൧൨. ക്രിസ്തുവിനെക്കുറിച്ചുള്ള കുരുടന്റെ വ്യക്തമായ സാക്ഷ്യത്താൽ യഹൂദപ്രമാണികൾ അവനെ യഹൂദസമൂഹത്തിൽനിന്നു മുടക്കി. യഹൂദപ്രമാണികളോടു താരതമ്യപ്പെടുത്തിയാൽ നല്ല ഇടയൻ ആരാണ്? നല്ല ഇടയൻ ആടുകളുടെ സംരക്ഷണ പ്രധാന കാര്യമായി ഗണിക്കുന്നവനാണ്. ജീവൻ വെടിഞ്ഞു ആടുകളെ നാശത്തിൽനിന്നു രക്ഷിക്കുന്നവനുമാണ്. നല്ല ഇടയൻ ആടുകളെ ഒന്നൊന്നായി പ്രത്യേകം പരിചയപ്പെട്ടു പരിപാലിക്കുന്നവനും കൂടെയാണ്.

T. B. BEHANAN.

THE FAMILY FRIEND

കുടുംബപ്രിയവാദിനി

പുസ്തകം 48. ലക്കം 7 ജൂലായി 1956

സ്തോത്രസഖ്യം

നാരകത്താനി. ജൂൺമാസം 9നു ശനിയാഴ്ച നാരകത്താനി ഇടവകയിലെ മേപ്പാടൂർ, തെള്ളിയൂർ, പിച്ചാത്തിക്കല്ല്, വെങ്ങളം എന്നീ സങ്കേതങ്ങളിലെ സ്ത്രീകൾ നാരകത്താനിപള്ളിയിൽ കൂടിച്ചേർന്നു കൂട്ടുകയും പ്രസ്തുതദിവസം വിശുദ്ധസംഗത്തം, പ്രസംഗങ്ങൾ, പ്രതിജ്ഞാശ്രേഷ്ഠ എന്നിങ്ങനെ പ്രയോജനകരമായവിധം ചെലവഴിക്കയും ചെയ്തു. ഫാ. എം. സി. ഈപ്പൻ, സിസ്റ്റർ ഈഡിത്ത് എന്നിവരുടെ സാന്നിദ്ധ്യവും ദൂതകളും ഉണ്ടായിരുന്നതു മേറ്റവും സഹായമായിരുന്നു. ഇടവക ഉപദേശി കെ. ജെ. വറുഗീസു അവർകൾ ഇതിലേക്കു മുമ്പെതന്നെ ശ്രമിക്കണമെങ്കിൽ ചെയ്യണമെന്നു മാത്രമല്ല ഉപസഭോപ്രവർത്തകരും പൂർണ്ണസഹകരണം കാണിച്ചു എന്നതു പ്രത്യേകം പ്രസ്താവ്യമാണ്.

ബഹുമാനപ്പെട്ട എം. സി. ഈപ്പൻ അച്ചൻ അവർകൾ പ്രസ്തുത യോഗമദ്ധ്യേ പറഞ്ഞ ഒരു കഥ കേട്ടപ്പോൾ ഇതു എല്ലാ അമ്മമാരും കേൾക്കണമെന്നു നാനെന്നു തോന്നിയതിനാൽ അതുകൂടെ എഴുതട്ടെ.

ഒരു മകനെ വിട്ടുകൊടുത്തപ്പോൾ രണ്ടു മക്കളെയും തിരികെ കിട്ടി

ഒരിക്കൽ ഒരു കപ്പൽയാത്രചെയ്യുകടൽത്തീരത്തോടു സമീപിക്കാറായപ്പോൾ ഒരു പാറയിൽ മുട്ടി കപ്പലിനു അപകടം സംഭവിക്കുമെന്നു എന്നു കപ്പിത്താനു മനസ്സിലായി. അതനുസരിച്ചു എത്രയും വേഗം എല്ലാവരും രക്ഷാബോട്ടുകളിലേക്കു കയറി രക്ഷപെടാൻ ശ്രമിക്കുക എന്നു യാത്രക്കാർക്കു അറിവുകൊടുത്തു. ഉടൻതന്നെ എല്ലാവരും ഭയാക്രാന്തരായി രക്ഷാബോട്ടിലേക്കു കയറിത്തുടങ്ങി. ഇനിയും ആരെങ്കിലും ബോട്ടിൽ കയറാനുണ്ടോ എന്നു അന്വേഷിച്ചപ്പോൾ കപ്പലിന്റെ മുകൾത്തട്ടിൽ നില്ക്കുന്ന രോഗിയായ ഒരു മനുഷ്യൻമാത്രം എന്നറിഞ്ഞു. എന്നാൽ ആ രോഗിക്കുവേണ്ടി കാത്തിരിക്കാതെ ബോട്ടു വേഗത്തിൽ നീങ്ങുകയും ചെയ്തു.

കപ്പൽ അപകടത്തെക്കുറിച്ചു അറിഞ്ഞ ഒരു വലിയകൂട്ടം ആളുകൾ രക്ഷപെടുവരുന്ന ജനത്തെ കാണ്മാൻ കരയിൽ കാത്തുനില്പുണ്ടായിരുന്നു. വളരെ ആഹ്ലാദത്തോടെ ഇവരെ സ്വീകരിക്കുന്നതിനിടയ്ക്കു എല്ലാവരും രക്ഷപെട്ടു വന്നോ എന്നു അവർ അന്വേഷിച്ചു. ഇല്ല. ഒരു രോഗിയായ മനുഷ്യൻ ബോട്ടിൽ കയറാൻ വഹിയാതെ കപ്പലിന്റെ മുകൾത്തട്ടിൽ നില്ക്കുന്നതേയുള്ളു എന്നു അവർ മറുപടി കൊടുത്തു. ഇതു കേട്ടനിന്ന ആളുകളുടെ മദ്ധ്യനിന്നു ഒരു ചെറുപ്പക്കാരൻ മുമ്പോട്ടു വന്നിട്ടു ഞാൻ പോയി അവനെ രക്ഷിക്കാം എന്നു പറഞ്ഞു. എല്ലാവരും അവന്റെ ത്യാഗവും ധീരതയും കണ്ടു അമ്പരന്നു നിന്നുപോയി. അവരുടെ മദ്ധ്യേ അവന്റെ അമ്മയും നില്പുണ്ടായിരുന്നു. അമ്മ അവളുടെ മകന്റെ നേർക്കു തിരിഞ്ഞു "എന്റെ മകനേ നീ പോകരുതേ, കടൽ വല്ലാതെ ക്ഷോഭിച്ചിരിക്കുന്നു—നീ തിരികെ വരുന്ന കാര്യം പ്രയാസമാകും പത്തുപന്ത്രണ്ടു വർഷംമുമ്പെ നിന്റെ ജ്യേഷ്ഠൻ എന്നെ വിട്ടുപോയി അവൻ ഇതുവരെ തിരികെ വന്നിട്ടില്ല. ഇപ്പോൾ നീ പോയാൽ നീയും അവനും എനിക്കു ഇല്ലാതെയാകും. അങ്ങനെ എന്റെ രണ്ടു മക്കളും നഷ്ടപ്പെട്ട എന്നു വരും. അതുകൊണ്ടു നീ പോകുന്നതു എനിക്കു സഹിച്ചുകൂടാ" എന്നു പറഞ്ഞു.

എന്നാൽ ഈ ചെറുപ്പക്കാരനാകട്ടെ അമ്മയെ ധൈര്യപ്പെടുത്തികൊണ്ടു താൻ തുനിഞ്ഞസ്ഥാനത്തേക്കു പോവുകതന്നെ ചെയ്തു. കപ്പൽ മുങ്ങാൻ അല്പസമയംകൂടെമാത്രം എന്ന നിലയിലെത്തിയപ്പോഴേക്കു അവൻ അവിടെ എത്തി. എങ്ങനെയോ രോഗിയെ എടുത്തു കൊണ്ടുവന്നു ബോട്ടിൽ കയറി. ആരെന്നോ ഒന്നും അറിയാതെ ബോട്ടു കരയിലേക്കു കൊണ്ടുവരികയും ചെയ്തു. അതുകാംക്ഷയോടെ കരയിൽ കാത്തുനിന്ന ജനത്തിന്റെ മദ്ധ്യേ ഇറങ്ങിയപ്പോൾ അവന്റെ അമ്മ കരഞ്ഞുകൊണ്ടു ഓടിവന്നു രോഗിയെ രക്ഷിക്കാൻ പോയ മകനെ മാത്രമല്ല രോഗിയേയും കെട്ടിപ്പിടിച്ചുംബിച്ചുകൊണ്ടു എന്റെ ഒരു മകനെ വിട്ടുകൊടുത്തപ്പോൾ രണ്ടു മക്കളെയും തിരികെ കിട്ടിയല്ലോ എന്നതുപോലെ പറഞ്ഞതു്. അതേ! പത്തുപന്ത്രണ്ടു വർഷംമുമ്പെ നഷ്ടപ്പെട്ട മകനെ അതുപോലെ ഇപ്പോൾ മറ്റൊരു മകൻ മുഖാന്തരം രക്ഷിക്കാൻ സാധിച്ചതു്.

S. T.

ബഥേൽ വാർത്തകൾ

1. സിസ്റ്റർ റേച്ചൽ ജോസഫ് ഈ മാസം പൂനാമാഫ്ലയിൽ മടങ്ങിയെത്തുമെന്നും നമുക്ക് സന്തോഷപൂർവ്വം സ്വാഗതം ചെയ്യാമെന്നുമാശിക്കുന്നു. സി. ഏസ്സ്. ഐ. യെപ്പറ്റിയും ബഥേൽ ആശ്രമത്തെപ്പറ്റിയും സംസാരിക്കുന്നതിനു പല അവസരങ്ങൾ ആസ്ത്രേലിയായിൽ ലഭിക്കയുണ്ടായി. അതിൽനിന്നും നിലനില്ക്കുന്ന ഫലമുണ്ടാകട്ടെ.

2. ഇയ്യുണ്ടിൽ ഇവിടത്തെ വേദാദ്ധ്യയനക്ലാസ്സിൽ 15 വിദ്യാർത്ഥികളുണ്ട്. അവരിൽ രണ്ടു പേർ മാത്രമാണു ക്രിസ്തീയ സേവനത്തിൽ ഏർപ്പെട്ടിരുന്നതിനുദ്ദേശിക്കുന്നുള്ളൂ. ഇതു നിരാശാജനകമാണ്. എങ്കിലും അദ്ദേഹത്തിന്റെ ഫലമായി തങ്ങളുടെ വിവിധ യത്നങ്ങളിൽക്കൂടെ സാക്ഷികളായി വർത്തിക്കുമെന്നാശിക്കാം.

3. നാഗർകോവിലത്തിൽ കെ. വി. കുഞ്ഞിലയ്യ പകരം ആരെയെങ്കിലും കിട്ടുമെന്നാശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. അത്ര പ്രായം കുടാതെയും പെൺകുട്ടികളോടു വാത്സല്യമുള്ളവരും കൈപ്പുന്നിയിൽ വാസമുള്ളവരുമാണാവശ്യമുള്ളത്.

4. ഇവിടത്തെ സ്കൂളിലും ബോർഡിങ്ങിലും ധാരാളം കുട്ടികൾ പേർന്നിട്ടുണ്ട്. അവരുടെ പഠിത്തം കഴിഞ്ഞു പോകുന്നതിനുമുമ്പു എല്ലാവരും യേശുക്രിസ്തുവിന്റെ വകയായി തീരുന്നതിനു ഏവരുടെയും പ്രാർത്ഥന അഭ്യർത്ഥിച്ചുകൊള്ളുന്നു.

ജൂൺ 25-1956. സിസ്റ്റർ ഈഡിത്ത്.

ശിലാസ്ഥാപനം. കാണക്കാരിൽ സെന്റ് മോനിക്കാസ് ചാപ്പലിന്റെ ശിലാസ്ഥാപനകർമ്മം ഈ മാസം 25-ാം (മഹാനിടവക ദിനം) 3 മണിക്കു നിർവ്വഹിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

സ്ത്രീജനസുവിശേഷസന്നദ്ധസംഘം

മുണ്ടക്കയം. ജൂൺമാസം 16-ാം ശനിയാഴ്ച മുണ്ടക്കയംകൌൺസിലിലെ സ്ത്രീജനസുവിശേഷസംഘടിനമായി മുണ്ടക്കയത്തുവെച്ചു ആചരിക്കുന്നതിനു സാധിച്ചു. പ്രസംഗം, പ്രാർത്ഥന എന്നു മാത്രമല്ല പല രോഗമായി തിരിഞ്ഞു സുവിശേഷവേല ചെയ്യുന്നതിനു സാധിച്ചതു പ്രത്യേകം സന്തോഷമുളവാക്കി.

സ്ത്രീജനപ്രവർത്തന ധനശേഖരണാർത്ഥം മഹായിടവക സ്ത്രീജനങ്ങൾ ഒത്തുചേർന്നുള്ള ഒരു ഉത്സവദിനം അടുത്ത ജനുവരിമാസത്തിൽ ആചരിക്കണമെന്നു തീരുമാനിച്ചിരിക്കുന്നു. ആയുർവേദ ഔഷധങ്ങൾ സ്വയം, പാചകം, കൃഷി എന്നിങ്ങനെ അവരവരുടെ പ്രാപ്തിക്കും കഴിവിനും അനുസരിച്ചുള്ള സാധനങ്ങൾ ഇപ്പോഴെ ശേഖരിക്കുമെന്നു ഓർപ്പിക്കുന്നു. ഇവയെക്കുറിച്ചുള്ള വിശദവിവരങ്ങൾ പിന്നാലെ പരസ്യപ്പെടുത്തുന്നതാണ്. എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

A. KURIYAN

ദക്ഷിണാഫ്രിക്കയിലെ വർണ്ണവിവേചനം

കേപ്പിലെ സംസ്ഥാനകൌൺസിലിൽ വർണ്ണവിവേചന നിയമങ്ങളെപ്പറ്റിയുള്ള ചർച്ചാവേളയിൽ അതിന്റെ അഗ്രസനായിരുന്ന ഒരു ദേശീയ കക്ഷിക്കാരൻ കൌൺസിൽ യോഗത്തിലെ ചർച്ചകളിൽ വേദപുസ്തകത്തിൽനിന്നുള്ള ഉദ്ധാരണങ്ങൾ പാടില്ലെന്നു റൂൾ ചെയ്തിരുന്നുവത്രെ. സംയുക്ത കക്ഷിയിൽപെട്ട ഒരുവൻ ഒരു ഇംഗ്ലീഷ് ബൈബിൾ മുമ്പിൽ വച്ചുകൊണ്ടാണു ചർച്ചയിൽ പങ്കെടുത്തതു്. അയാൾ ഇപ്രകാരം പ്രസ്താവിച്ചു. നിങ്ങൾ നിങ്ങളുടെ മനസ്സാക്ഷി പരിശോധിച്ചു നോക്കി വർണ്ണജനത്തോടു നിങ്ങൾ ചെയ്യുന്ന അന്യായത്തിനു കണക്കു ബോധിപ്പിക്കേണ്ടിവരുമെന്നോർത്തുകൊള്ളണം. ബൈബിളിലെ സദൃശവാക്യങ്ങളിൽ പ്രസ്താവിച്ചിരിക്കുന്ന ഏഴു ശാപങ്ങളിലൊന്നു നിഗളഭാവമാണ്. ദേശീയ കക്ഷിയിൽപ്പെട്ടവരോടു ഞാൻ ചോദിക്കുന്നു നിങ്ങളിൽനിന്നും വ്യത്യസ്തമായ നിറത്തിലുള്ളവരോടുകൂടെ കൌൺസിലിൽ ഇരിക്കാൻ മനസ്സില്ലാത്തവണ്ണം നിങ്ങൾ ശുദ്ധികളും അഹങ്കാരികളും ആയിരിക്കുന്നുവോ എന്നാണ്. ദേശീയ കക്ഷിയിലൊരാൾ സഭയിൽ വേദപുസ്തകത്തിൽനിന്നു ഇങ്ങനെ നേരിട്ടുദ്ധരിക്കുന്നതു വിഹിതമോ എന്നദ്ധ്യക്ഷനോടു ചോദിക്കുകയും അതനുവദനീയമല്ലെന്നു റൂൾ ചെയ്കയും ചെയ്തു. 22 വോട്ടിനെതിരായി 25 വോട്ടുകൊണ്ടു സംയുക്തസഭ പാടില്ലെന്നു ദേശീയ കക്ഷിയുടെ വാദം വിജയിക്കയുണ്ടായതു്.

സുവിശേഷഭാഷിണി

പുസ്തകം 48. ലക്കം 7 ജൂലായി 1956

പറക്കാൽമിഷ്യൻ

കാലാവസ്ഥ. ഇവിടെ ഒന്നു രണ്ടു മഴ പെയ്തതിനാൽ ഭയങ്കരമായ ചൂടു കുറഞ്ഞു. ഗ്രാമക്കാർ കൃഷി ഇറക്കാനുള്ള ബദ്ധപ്പാടിലാണു. നമ്മുടെ മിഷ്യൻ ഭൂമിയിലും കൃഷി ചെയ്യാൻ ആരംഭിച്ചു.

സ്ഥലംമാറ്റം കഴിഞ്ഞ രണ്ടു വർഷങ്ങളിൽ പരമായി ഇവിടെ വേലചെയ്തുകൊണ്ടിരുന്ന റവ. ററി. എസ്സ്. ജോസഫ് ജൂൺ 18നു ഇവിടെനിന്നും തിരിച്ചു നാട്ടിലേക്കു പോയി. പലവിധത്തിലുള്ള ശരീരക്ലേശങ്ങളും മനഃക്ലേശങ്ങളും അനുഭവിച്ചുകൊണ്ടു ഇവിടെ വേലചെയ്തു എന്നുള്ളതു പ്രസ്താവ്യമാണു. സ്കൂളിന്റെ പണി മിക്കവാറും പൂർത്തിയാക്കിയിരിക്കുന്നു. അതിനു അച്ചൻ വളരെ ബദ്ധപ്പെടുകയും ബുദ്ധിമുട്ടുകയും ചെയ്തിട്ടുണ്ടു. തറ വാക്കാനും വെള്ളത്തേച്ചു കതകും മറ്റും പിടിപ്പിക്കാനും ശേഷിച്ചിട്ടുണ്ടു.

ജോസഫ് അച്ചനു പകരമായി റവ. ററി. എം. തോമസ്സു അച്ചനെ നിയമിച്ച വിവരം അറിഞ്ഞിരിക്കുമല്ലോ. തോമസ്സു അച്ചൻ പതിന്നാലു വർഷങ്ങൾക്കു മുമ്പു ഇവിടെ വേല ചെയ്തിരുന്നതാണു. ഇപ്പോൾ വീണ്ടും വന്നു ആ ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

സിൽവർ ജൂബിലിവകയായി പിരിച്ച രൂപായിൽ 6000 രൂപാകൊണ്ടു വളരെ നല്ലതായും ഉറപ്പായും ഈ കെട്ടിടം പണിയിക്കുവാൻ ഇടയായതിൽ സന്തോഷിക്കയും ദൈവത്തെ സ്തുതിക്കയും ചെയ്യുന്നു. പറക്കാൽമിഷ്യൻ സിൽവർ ജൂബിലി ഫണ്ടിലേക്കു പണം അയച്ചുതന്ന എല്ലാവരോടും ഞങ്ങൾക്കുള്ള നന്ദിയെ ഇവിടെ രേഖപ്പെടുത്തുന്നു. ഈ സ്കൂൾ കാണുമ്പോൾ ത്യാഗത്തോടുകൂടെ തങ്ങളുടെ ഒരു മാസത്തെ ശമ്പളവും ചിലർ അതിൽ അധികമായും അയച്ചുതന്ന സഹായിച്ചതു ഓർക്കുന്നു. ദൈവത്തിന്റെ അനുഗ്രഹങ്ങൾക്കു നന്ദിയുള്ളവരായി ജീവിക്കുന്നതിനോടുകൂടെതന്നെ കുറവുകളെ ഓർത്തു ദുഃഖിക്കയും പ്രവർത്തകരിലും പ്രവർത്തനത്തിലും ഒരു ശുദ്ധീകരണം നടക്കുന്നതിനായി പ്രാർത്ഥിക്കയും ചെയ്യുന്നു. അതിനായി നിങ്ങളുടെ പ്രാർത്ഥനയും അഭ്യർത്ഥിച്ചുകൊള്ളുന്നു.

Parkal
(Via) Kazipet C. Ry,
Deccan,
21-6-'56.

MARY THOMAS

സണ്ടെസ്കൂൾ കത്തു്

പ്രിയ സ്നേഹിതരേ,

കഴിഞ്ഞ നവംബർമാസത്തിൽ ഒരു പുതിയ പാഠപദ്ധതി സജ്ജീകരണത്തിനായി ജബൽപൂരിൽ കൂടിയ പ്രതിനിധികൾ ക്രിസ്തീയ വിദ്യാഭ്യാസത്തിന്റെ ഉദ്ദേശങ്ങളായി നിർദ്ദേശിച്ചിരിക്കുന്ന ഏഴു കാര്യങ്ങൾ താഴെച്ചേർക്കുന്നു. ഇവ നമ്മുടെ സണ്ടേസ്കൂളുകളുടെയും ഉദ്ദേശങ്ങളായി നമുക്കു സ്വീകരിക്കാം. പൊതുവെ പറയുന്നപക്ഷം കുട്ടികളെ ക്രിസ്തുവിൽ പുതിയ സൃഷ്ടികളാക്കിത്തീർക്കുകയുള്ളതാണല്ലോ ഉദ്ദേശം. അതിനായി:— (1) അവർ ദൈവത്തിൽ വിശ്വസിക്കുന്നതിനും ദൈവത്തോടു സംസർഗ്ഗം ചെയ്യുന്നവരായി തീരുന്നതിനും സഹായിക്കുക. (2) യേശുവിനെ സ്നേഹിക്കുന്നതിനും, അവനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുന്നതിനും സഹായിക്കുക. (3) പരിശുദ്ധാത്മാവിനെ അവരുടെ ജീവിതത്തിൽ വഴികാട്ടിയായി സ്വീകരിക്കുന്നതിനു സഹായിക്കുക. (4) ക്രിസ്തീയ ശിക്ഷണമുള്ളവരായി സൃഷ്ടിപരമായ ജീവിതം നയിക്കുന്നതിനു സഹായിക്കുക. (5) സഭയുടെ കൂട്ടായ്മയിൽ ജീവിക്കുന്നതിനു സഹായിക്കുക. (6) വിശുദ്ധ വചനത്തെ സ്നേഹിച്ചു് പഠിച്ചു് അനുസരിക്കുന്നതിനു സഹായിക്കുക. (7) സമസ്തജനങ്ങളെ ശുശ്രൂഷിക്കുന്നതിനും അവരോടു ക്രിസ്തുവിനെ സാക്ഷിക്കുന്നതിനും അവരെ പ്രാപ്തരാക്കുക.

കുമാരവകുപ്പിലേക്കും ബാലവകുപ്പിലേക്കുമുള്ള പാഠപുസ്തകങ്ങൾ ആണല്ലൊ ഇനിയും അച്ചടിച്ചു തീരാനുള്ളതു്. കുമാരവകുപ്പു മൂന്നാംഭാഗം ഈ മാസത്തിനകം അച്ചടിച്ചു തയ്യാറാകും. ബാലവകുപ്പു മൂന്നാംഭാഗം തയ്യാറാകുന്നതിനു കുറേക്കൂടെ കാലതാമസം വന്നേക്കാവുന്നതുകൊണ്ടു മൂന്നാം വർഷം പഴയ പുസ്തകമില്ലാത്തവർ ഒന്നാംവർഷം വാങ്ങിച്ചു ഉപയോഗിക്കുന്നതു നന്നായിരിക്കും. അതിന്റെ പ്രതികൾ വില്പനയ്ക്കു തയ്യാറുണ്ടു്.

ഇതിനകം ബാലജനപ്രതിനാൾ എല്ലാ സ്ഥലങ്ങളിലും കൊണ്ടോടിക്കാണുമല്ലൊ. സ്വീകൃതകാഴ്ചയായി ലഭിച്ചിട്ടുള്ളതു താമസിയാതെ ആഫീസിൽ അടയ്ക്കുമല്ലൊ. 55—56-ലേതായി 14 ക. 8 ണ. ഏറികാട്ടു ഇടവകയിൽനിന്നും ലഭിച്ചിട്ടുണ്ടെന്നുള്ളതു നന്ദിപൂർവ്വം രേഖപ്പെടുത്തികൊള്ളുന്നു.

എന്നു്

പള്ളം സി. ഒ. മാത്യു

22-6-'56. സണ്ടേസ്കൂൾ ജനറൽ സെക്രട്ടറി.

നമ്മുടെ സ്കൂളുകളുടെ ഭരണം

ഒരു കാലത്തു മറ്റു സ്കൂളുകൾക്കു മാത്രമല്ല ഗവർമ്മെന്റു അധികൃതർക്കു പോലും മാർഗ്ഗദർശിത്വം നല്കിവന്നിരുന്ന നമ്മുടെ സ്കൂളുകൾ ഇപ്പോൾ 'യുവലോക'ത്തിൽ പറയുന്നപ്രകാരം മറ്റു സ്കൂളുകളെ അനുകരിപ്പാൻ സമയമായിരിക്കയാണു. നമ്മെ അനുകരിച്ചു പ്രവർത്തിച്ച പല മാനേജ്മെന്റുകളും വളരെ മുന്നണിയിൽ എത്തിയിരിക്കുന്നു എന്നുള്ളതു ഒരു വിധത്തിൽ അനുമോദനാർഹമാണെങ്കിലും നമ്മുടെ ശരിയായ സ്ഥിതി നാം മനസ്സിലാക്കുന്നതിനു സഹായകരവുമാണ്.

ഇതിനകമായി പല മാനേജരന്മാർ ഏകദേശം ഏഴോ ഏട്ടോ ആണെന്നു തോന്നുന്നു, രേണം നടത്തിവന്നിരുന്നു. അവരിൽ ഏതുപേർ സ്കൂളുകളുമായി പരിചയം സിദ്ധിച്ചവരായിരുന്നു എന്നു ചോദിച്ചാൽ വളരെ ചുരുക്കം പേർ മാത്രമെ ഉണ്ടായിരുന്നുള്ളു എന്നു മനസ്സിലാക്കാൻ പ്രയാസമില്ല. സഭാ രേണ പരിചയം ആയിരുന്നു പ്രധാന യോഗ്യതയായി പരിലസിച്ചിരുന്നതു. അതിനാൽ സ്കൂളുകളുടെ രേണം ഉത്തരവാദിത്വമില്ലാതിരുന്ന മറ്റു ചിലരിലോ അഥവാ ആഫീസ് തൈട്ടന്മാരിലോ നിഷ്പ്രയാസം ചെന്നു നിപതിച്ചതിൽ എന്താണതിശയം.

ഇപ്പോഴത്തെ മാനേജരുംസ്കൂൾ നടത്തിപ്പിൽ വലിയ പരിചയം സിദ്ധിച്ച ആളാണോ എന്നു സന്ദേഹിക്കുന്നു. ഏതായാലും രാഷ്ട്രത്തിലെന്നപോലെ ഇവിടെയും അധികാരവികേന്ദ്രീകരണം നടപ്പിലാക്കാൻ തുടങ്ങിയിരിക്കുന്ന ഈ സന്ദർഭത്തിൽ പരിക്ഷീച്ച സ്കൂൾ രേണത്തെപ്പറ്റി എന്തെങ്കിലും പറയുന്നതു അനുചിതമായിരിക്കുമെന്നു തോന്നുന്നു. പല ഗുണങ്ങൾ തൻമൂലം ഉണ്ടാകുമെങ്കിലും പല ദുഷ്യങ്ങൾക്കും വഴി തെളിക്കാനിടയാകുമെന്നു ഇതിനകം നടന്ന വിദ്യാഭ്യാസ ബോർഡിലെയും സ്റ്റാൻഡിങ്ങ് കമ്മട്ടിയുടെയും ഡയോസിസൻ കൌൺസിലിന്റെയും ഉഗ്രമായ വാഗ്വിപ്രതിവാദങ്ങളിൽ നിന്നും ചച്ചകളിൽനിന്നും മനസ്സിലാക്കാവുന്നതാണ്.

എന്നാൽ, ഒരു കാര്യം നമ്മുടെ ചിന്തയ്ക്കു വിഷയീഭവിക്കേണ്ടതാണു. മൂന്നു ഹൈസ്കൂളുകളെ പൊതുഭരണത്തിൽനിന്നും ഒഴിവാക്കുന്നതിനു പറയുന്ന കാരണങ്ങൾ ഏതുത്തോളം സ്വീകാര്യമെന്നുള്ളതാണു. അദ്ധ്യാപകശ്രേഷ്ഠം സീനിയോറിറ്റിയും നിശ്ചയിക്കുന്നതിൽ അവരെയും ഉൾപ്പെടുത്തീട്ടുണ്ടു. എന്നാൽ ഭരണത്തിൽ അവർക്കു സ്വാതന്ത്ര്യം നല്കിയിരിക്കുന്നതോ മറ്റു വ്യക്തികൾക്കു ഭരണം നല്കിയിരിക്കുന്നതോ ആലോചിപ്പാൻ പോലും വയ്യാത്ത കുറ്റമാണ്.

ക്രൈസ്തവ സംഗീത മഹോത്സവം

മദ്ധ്യതിരുവിതാംകൂർ സി. എസ്സ്. ഐ. മഹാ ഇടവക ഗായകസംഘടനയുടെ ആഭിമുഖ്യത്തിൽ ഒരു സംഗീതമഹോത്സവം കോട്ടയം കതീഡ്റലിൽവച്ചു മെയ് 28-നു ശനിയാഴ്ച ഉച്ചതിരിഞ്ഞു നടത്തപ്പെട്ടു. പള്ളം കോട്ടകുഞ്ഞി, മേലുകാവു, പുന്നമറ്റം, തിരുവല്ല, കുട്ടികർ, മല്ലപ്പള്ളി, മുണ്ടക്കയം, ആലപ്പുഴ, പെരുമ്പാവൂർ, തലവടി, കോട്ടയം കതീഡ്റൽ എന്നീ ഇടവകകളിൽ നിന്നുമായി ഇരുനൂറിൽപരം ഗായകർ സന്നിഹിതരായിരുന്നു. രണ്ടരമണിക്കു കൂടിയ കായ്യോപനായോഗത്തിൽ റവ. സി. ഐ. ഏബ്രഹാം അദ്ധ്യക്ഷത

വഹിക്കയും, സംഘടനയുടെ നിയമാവലി വായിച്ചു അംഗീകരിക്കുകയും, ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു. ബിഷപ്പ് ഡോ. സി. കെ. ജയിക്കബ് തിരുമനസ്സുകൊണ്ട് രക്ഷാധികാരിയും, റവ. സി. ഐ. എബ്രഹാം അദ്ധ്യക്ഷനുമായി തിരഞ്ഞെടുക്കപ്പെട്ടു. റവ. കെ ഐ. കോശി, ശ്രീ. ജോജ്ജ് എം. കോശി എന്നിവരെ സഹാദ്ധ്യക്ഷന്മാരായും, ശ്രീ. മാണി കെ. മാണിയെ സെക്രട്ടറിയായും, റവ. ജേക്കബ് വറുഗീസ്, ശ്രീമാന്മാർ എം. വി. ഇടിക്കുള, കെ. സി. ഫിലിപ്പ്, ജോസഫ് മാത്തു, അലക്സ് ജെ. കണിയാന്ത്ര എന്നിവരെ ഭരണ സമിതിയിലെ മറ്റംഗങ്ങളായും തിരഞ്ഞെടുത്തു. അടുത്ത സംഗീതോത്സവം തിരുവല്ലാ സി. എസ്സ്. ഐ. പള്ളിയിൽവച്ചു 1956 ഡിസംബർമാസം 29നു നടത്തുകയുണ്ടായും, ബിഷപ്പുതിരുമേനിയുടെയും മഹാഇടവകയുടെയും പ്രത്യേകാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുകയുണ്ടായും ഒരു ഗായകസംഘത്തെ രൂപീകരിക്കുന്നതിനും യോഗം തീരുമാനിച്ചു.

സംഗീതോത്സവത്തിൽ സന്നിഹിതരായിരുന്ന ഓരോ ഗായകസംഘവും ഓരോ പാട്ടുകൾ പാടുകയും എല്ലാവരും ചേർന്നു മൂന്നു പാട്ടുകൾ പാടുകയും ചെയ്തു. കൽക്കട്ടാ ബിഷപ് സ്കോട്ടജ് ലക്ചറർ ഡോ. സി.സിൽ ഹാർ ഗ്രീവ്സും, ബിഷോപ്പുതിരുമേനിയും ഓരോ പ്രസംഗം ചെയ്തു. ബിഷപ്പുതിരുമനസ്സിലെ പ്രസംഗത്തിൽ ഇപ്രകാരം ഒരു സംഘടനയുണ്ടാക്കി ആരാധനയിലെ സംഗീതം മെച്ചമാക്കിത്തീർക്കുന്നതിനു ശ്രമിക്കുന്നവരെ അഭിനന്ദിക്കയും, ഗായകസംഘങ്ങൾ ഈ സംഘടനയിൽ ചേർന്നു സംഗീതാഭിവൃദ്ധിക്കായി ഉദ്യമിക്കുന്നതിനാവശ്യപ്പെടുകയും, സംഘടനയുടെ പ്രവർത്തനങ്ങൾക്കു സകല വിജയവും ആശംസിക്കുകയും ചെയ്തു.

വാർത്തകളും കുറിപ്പുകളും

മി. കെ. സി. സേത്ത്. ക്രുവപ്പള്ളിക്കു സ്ഥലംമാറ്റപ്പെട്ട റവ. സി. ജെ. മാസിനുപകരം യൂത്ത് സെക്രട്ടറിയായി കൽക്കത്താ ബിഷോപ്പ്സ് കോളജിൽ വൈദികപരിശീലനം കഴിഞ്ഞ മി. കെ. സി സേത്തിനെ നിയമിക്കയും അദ്ദേഹം ജൂൺ ആരംഭത്തിൽ ചാജ്ജെടുത്തു ജോലിയിൽ പ്രവേശിക്കയും ചെയ്തിരിക്കുന്നു. കോട്ടയത്തു ഡയോസിസൻ ആപ്പീസിനടുത്തുള്ള അതിഥിമന്ദിരത്തിലാണു താമസമാക്കിയിരിക്കുന്നതു. കോട്ടയം കോളജിൽ പഠിച്ചിരുന്ന കാലത്തു എസ്സ്. സി. എം. ന്റെ സെക്രട്ടറിയായിരുന്നു. നല്ല ഒരു പാട്ടുകാരനുമാണ്.

ഡയോസിസൻ ട്രെയിനിംഗ് സ്കൂൾ. സി. എൻ. ഐ. ട്രെയിനിങ്ങ് സ്കൂൾ എന്ന നാമധേയത്തിൽ ഇക്കാലമെല്ലാം നടത്തിവന്ന അദ്ധ്യാപകപരിശീലനാലയം ഇപ്പോൾ മുതൽ സി. എൻ. ഐ. പരിസരങ്ങളിൽ നിന്നു ഡയോസിസൻ ആപ്പീസിനടുത്തുള്ള സെൻറ് ജയിംസ് ഹാളിലേക്കു മാറ്റുകയും ട്രെയിനിങ്ങ് ഹെഡ് മാസ്റ്റർ റവ. സി. ററി. അബ്രഹാം അതിനോടനുബന്ധിച്ചും റവ. കെ. ഒ. ഫിലിപ്പു താമസിച്ചിരുന്നതുമായ ഭവനത്തിൽ താമസമാക്കുകയും ചെയ്തിരിക്കുന്നു.

നമ്മുടെ കോളജ്. യൂണിവേഴ്സിറ്റിയുടെ പുതിയ പദ്ധതിയനുസരിച്ചുള്ള പ്രീയൂണിവേഴ്സിറ്റി ക്ലാസ്സ് കോളജിൽ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. ആകെ 400 ആൺകുട്ടികളും 100 പെൺകുട്ടികളുമാണു ചേർന്നിട്ടുള്ളതു. പെൺകുട്ടികളെ ഒരു പ്രത്യേകവകുപ്പാക്കി ബിഷപ്പുതിരുമേനിയുടെ അരമനയുടെ തെക്കുവശത്തായി പണിതിരിക്കുന്ന പുതിയ കെട്ടിടത്തിൽ കോളജധ്യാപിക മിസ്സ് ബാങ്കർട്ടിന്റെ പ്രത്യേക ചുമതലയിൽ ക്ലാസ്സുകൾ രൂപീകരിച്ചു നടത്തിവരുന്നു. അതിന്റെ ഉൽഘാടനകർമ്മം ജൂൺ 9നു ശനിയാഴ്ച ബിഷോപ്പു തിരുമേനി കോളജ് അധ്യാപകരുടെയും വനിതാവിദ്യാർത്ഥികളുടെയും സ്ഥലത്തെ പട്ടക്കാരുടെയും സാന്നിദ്ധ്യത്തിൽ വൈസ് പ്രിൻസിപ്പൽ റവ. ഏ. ബാഗ്ഷൊയുടെയും ചാപ്ലെയിൻ റവ. സി. കെ. ജോണിന്റെയും സഹകരണത്തോടുകൂടെ നിർവ്വഹിക്കയും ചെയ്തു.

സംയുക്തസുവിശേഷക്കമ്മറ്റിയുടെ യോഗം ജൂലായി 6നു വെള്ളിയാഴ്ച മരേത്തമ്മാമെത്രാപ്പോലീത്താതിരുമേനിയുടെ അരമനയിൽവച്ചു 3 മണിക്കു കൂടുകയുണ്ടായി. കഴിഞ്ഞ ഒരുവർഷം നിർവ്വഹിച്ച സുവിശേഷയത്നങ്ങളെപ്പറ്റി സെക്രട്ടറിമാർ പ്രസ്താവിക്കയും ഇപ്പോഴുണ്ടായ ഒഴിവ

ആഴ്ചയിൽ (ആഗസ്റ്റ് 19—26) നടത്തണ്ടതു സുവിശേഷവാരപ്രയത്നങ്ങളെപ്പറ്റി ആലോചിച്ചു തീരുമാനിക്കയും ചെയ്യും. ആഗസ്റ്റ് 12നു ഞായാഴ്ച അതിനുവേണ്ടിയുള്ള പ്രാർത്ഥനാദിനമായി ആചരിക്കണമെന്നും ആ ആഴ്ചയിൽ മൂന്നു ദിവസത്തിൽ കുറയാതെ ഒരുക്കയോഗങ്ങൾ എല്ലാഇടവകകളിലും നടത്തണമെന്നും സുവിശേഷവാരവിവരങ്ങളും മദ്ധ്യസ്ഥപ്രാർത്ഥനാവിഷയങ്ങളും അദ്ധ്യയനപാഠങ്ങളുമടങ്ങിയ ഒരു വിജ്ഞാപനം ആഗസ്റ്റു 5നു മുമ്പായിട്ടു ഇടവകകളിലും ലഭിക്കത്തക്കവണ്ണം തയ്യാറാക്കി തിരുവല്ലായിൽനിന്നു പ്രസിദ്ധീകരിക്കണമെന്നും നിശ്ചയിച്ചു. ജനസമുദായത്തിൽ നിലവിലിരിക്കുന്ന ശബ്ദത്തുലംഘനം മദ്യപാനം മുതലായ ദുഷ്യങ്ങളുടെ പരിഹാരാർത്ഥമുള്ള പരിപാടി രൂപീകരിക്കുന്നതിനും ഒരു കമ്മറ്റിയേയും നിയമിച്ചു.

പുസ്തകനിരൂപണങ്ങൾ

സി. എൽ. ഏസിന്റെ മലയാള ശാഖ കഴിഞ്ഞ വർഷം ഒന്നാം പരിപ്പായി പ്രസിദ്ധീകരിച്ച മൂന്നു ഗ്രന്ഥങ്ങളുടെ പ്രതികൾ ഇപ്പോൾ അയച്ചുതന്നതു നന്ദിപൂർവ്വം കൈപ്പറ്റി പൊതുജനങ്ങളുടെ ശ്രദ്ധയിലേക്കു അവയെ കൊണ്ടുവരുന്നതിൽ ഞങ്ങൾക്കു അറിയായ സന്തോഷമുണ്ടു്. ശ്രീ എം. കുഞ്ഞനവർകളാൽ വിരചിതമായ രണ്ടു ചെറു ഗ്രന്ഥങ്ങൾ—"മതവും മനുഷ്യനും," "കോൽവറിയിലെ മൃതുജ്ഞാനൻ" വിക്ഷയത്തിന്റെ ഗാംഭീര്യവും ഭാഷയുടെ മാഹാത്മ്യവും ആസ്പദമാക്കി നമുക്കു മുമ്പോൾ രണ്ടു പ്രൗഢകൃതികളെന്ന സമ്മതിച്ചേതീരൂ. ക്രിസ്തീയ സാഹിത്യത്തിൽ ഇപ്രകാരമുള്ള കൃതികളുടെ ദൌർല്ലഭ്യം മൂലം സംസ്കാര മനസ്കരും ഗംഭീരാശയന്മാരുമായ ക്രിസ്തോത്തരുടെ ഗൌരവമായ ചിന്തയ്ക്കു ക്രൈസവ സത്യങ്ങളെ വിക്ഷയീഭവിപ്പാൻ കഴിയാതിരുന്ന ന്യൂനത ഈദൃശ കൃതികളെക്കൊണ്ടു പരിഹരിപ്പാൻ പര്യാപ്തമാകയാൽ അവ സഹൃദയാഹ്വവും പ്രോത്സാഹനവും അതിയായി അർഹിക്കുന്നവയാണെന്നതിനെ. സാമാന്യകാക്കു അവയിലെ പ്രതിപാദനയുക്തിയും ഭാഷാരീതിയും സാധാരണ വായനയ്ക്കു സുഗ്രാഹ്യമാകത്തക്കവണ്ണം ലളിതമാകേണ്ടിയിരുന്നു. വില 5 ണ. വീതം.

വാളും കുരിശും. ഗ്രന്ഥകർത്താവു കാനം ഇ. ഒ. എന്ന സാഹിത്യരസികനാൽ ലോകരക്ഷിതാവായ ക്രിസ്തുവിന്റേയും മുന്നോടിയായി വന്ന യോഹന്നാൻ സ്നാപകന്റേയും കഷ്ടാനുഭവങ്ങളേയും പീഡകരേയും അടിസ്ഥാനമാക്കിക്കൊണ്ടു വിരചിതമായ പ്രസ്തുത കൃതി ദിവ്യനാശകശക്തിയുടെ പ്രഭാവംകൊണ്ടും പ്രൌഢമായ സാഹിത്യംകൊണ്ടും അലംകൃതമായ ഒരു നോവലാണെന്നതിനെ പറയേണ്ടിയിരിക്കുന്നു. എന്നാൽ ഒരു ക്രൈസവ സാഹിത്യകൃതിയെന്ന നിലയ്ക്കു പ്രേമകഥകളും പ്രണയരംഗങ്ങളും അധികരിക്കാതിരിക്കുന്നതാണുത്തമമെന്നും പറഞ്ഞുകൊള്ളട്ടെ. വില 1 ക.

മാസികവരിക്കാക്കു്

ഞങ്ങളുടെ അഭ്യർത്ഥന അനുസരിച്ചും അല്ലാതെയും വരിസംഖ്യ അയച്ചുതന്ന അനേകർക്കും ഞങ്ങൾ നന്ദി പറയുന്നു. എന്നാൽ എത്ര സാഹസം പറഞ്ഞാലും കൂട്ടാക്കാത്തവർ കുറേപ്പേരുണ്ടു്. വരിസംഖ്യ ഉച്ചമാകയാൽ എല്ലാവരും യഥാകാലം തങ്ങളുടെ തുകയടയ്ക്കുന്നതിനാൽ പ്രയാസം നേരിടുമെന്നുള്ളതു നിശ്ചയമാണു്. ഇതിനാൽ ഇപ്പോഴത്തെ തുകയും കുടിശിക തുകയും ഉടൻതന്നെ അയച്ചുതരണമെന്നു അപേക്ഷിക്കുന്നു. ആറാംമാസമായ ജൂൺ കഴിഞ്ഞാൽ വരിസംഖ്യ 2 ക. ആയിരിക്കുമെന്ന നേരത്തെ പ്രസ്താവിച്ചിട്ടുണ്ടല്ലോ.

നമ്മുടെ ഉന്നമബന്ധിതസ്കൂൾ

തിരുവല്ല താലൂക്കിലുള്ള പ്രസ്തുത സ്കൂളിനോടു ചേർത്തു പുതുതായി പണികഴിപ്പിച്ചിട്ടുള്ള ഡോർമിറ്ററി കെട്ടിടത്തിന്റെ പ്രതിഷ്ഠാശുശ്രൂഷ ജൂലായി 6നു വെള്ളിയാഴ്ച ഉച്ചതിരിഞ്ഞു മൂന്നര മണിക്കു ബിഷപ്പ് തിരുമനസ്സുകൊണ്ടു ഏതാനും പട്ടക്കാരുടെ സഹകരണത്തിലും ഉന്നതരും ചെകിടരുമായ 60 ലധികം കുട്ടികളുടെയും അവരുടെ അദ്ധ്യാപകരുടേയും സാന്നിദ്ധ്യത്തിലും സമംഗളം നിർവ്വഹിക്കയുമുണ്ടായി. അംഗഹീനരായ കുട്ടികളുടെ അവശതാപരിഹാരത്തിനായി നിർവ്വഹിക്കപ്പെടുന്ന ഈ ജീവകാരുണ്യയത്നം ദൈവം അത്യന്തം പ്രസാദിക്കയും അനുഗ്രഹിക്കയും ചെയ്യുന്ന ഒരു പുണ്യപ്രവൃത്തിയെന്നും അതിന്റെ പരിശുദ്ധിക്കും പ്രയോജനത്വത്തിനും ഭംഗം വരുത്തുകയുണ്ടാകുന്നതിനും അവിടെ ചുമതല വഹിക്കയും പ്രയത്നിക്കയും ചെയ്യുന്ന അദ്ധ്യാപകരും മറ്റും യാതൊന്നും ചെയ്യാതിരിപ്പാൻ പ്രത്യേകം കരുതണമെന്നും സകലവും ദൈവത്തിങ്കൽ ഭരമേല്പിച്ചുകൊണ്ടു വിശ്വസ്തത

[ശേഷം കവർ 2-ാം പേജിൽ]